നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# അവസാനം നീതി



ദളിതനെ വധിച്ച ഒരു കേസിൽ സ്വതന്ത്ര ഭാരതത്തിലാദ്യമായി കോടതി
യിൽനിന്നും വധശിക്ഷ നേടിയെടുത്ത പോരാളി - ഭയ്യലാൽ

139

നവംബർ 2008

# ഭിന്നാഭിപ്രായ വിധികളുടെ ഗുണവും ദോഷവും

**ഇ**ന്ത്യൻ ഭരണഘടന പ്രകാരം സുപ്രീംകോടതി ഒരു വിധി പറഞ്ഞാൽ, അത് നാട്ടിലെ നിയമമാണ്. വ്യക്തികൾക്കും അധികാരസ്ഥാനങ്ങൾക്കും അത് ഒരുപോലെ ബാധകമാണ്. പ്രധാനപ്പെട്ട ഏതെങ്കിലും ഭരണഘടനാ പ്രശ്നങ്ങളുടെ വിചാരണയാണെങ്കിൽ, ജഡ്ജിമാർക്കിടയിൽ അഭിപ്രായയൈക്യം ഉണ്ടാകുന്നത് അത്യുത്തമമാണ്. എന്നാൽ ജഡ്ജിമാർക്കിടയിൽ അഭിപ്രായ വ്യത്യാസം സ്വാഭാവകമായും ഉണ്ടാകാറുണ്ട്. അത് അഭിലഷണീയമാണോ? ഭൂരിപക്ഷ വിധിയുടെ ബലത്തിന്നു ക്ഷതം തട്ടിക്കുന്ന ഒന്നാണ് ഭിന്നാഭിപ്രായവിധിയെന്നു ചിലർ കരുതുന്നു. എന്നാൽ മറിച്ചു ചിന്തിക്കുന്നവരുമുണ്ട്.

അമേരിക്കൻ സുപ്രീംകോടതിയിലെ ജ: ഹോംസ് വിഖ്യാതനായൊരു ഭിന്നാഭിപ്രായക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ചില ഭിന്നാഭിപ്രായ വിധികൾ നിയമപരമായും സാഹിത്യപരമായും മുത്തുകളായിരുന്നു. ഇന്ത്യൻ സുപ്രീം കോടതിയിലെ ജ: സുബ്ബറാവുവും ഭിന്നാഭിപ്രായ വിധികൾക്ക് പ്രസിദ്ധനാണ്. അദ്ദേഹം എന്നും ജനങ്ങളുടെ മൗലീകാവകാശങ്ങൾക്കുവേണ്ടി നിലകൊണ്ടു. കൗതുകജനകമെന്നുപറയട്ടെ, അമേരിക്കൻ സുപ്രീംകോടതിയിലും ഇന്ത്യൻ സുപ്രീംകോടതിയിലും ഒരുകാലത്ത് ഭിന്നാഭിപ്രായവിധികളായിരുന്നത് പിൽക്കാലത്ത് ഭൂരിപക്ഷവിധികാളായി മാറിയിട്ടുണ്ട്.

1950ൽ എ.കെ. ഗോപാലന്റെ കേസിൽ ജ: ഫസൽ അലി ഭിന്നാഭിപ്രായ വിധിയാണെഴുതിയത്. ഭരണഘടനയിലെ 21-ാം അനുഛേദത്തിൽ പറയുന്ന നടപടി ക്രമം, വല്ല നടപടിക്രമവുമായാൽ പോരെന്നും സ്വാഭാവിക നീതിയുടെ തത്വങ്ങൾക്ക് ചേരുന്നതാകണമെന്നുമാണ് അന്നദ്ദേഹം എഴുതിയത്. 28 കൊല്ലങ്ങൾക്കുശേഷം സുപ്രീംകോടതിയിൽ ഇതേ പ്രശ്നം വന്നപ്പോൾ, നടപടിക്രമം ന്യായത്തിനും യുക്തിക്കും നീതിക്കും നിരക്കുന്നവയാകണമെന്ന് ഭൂരിപക്ഷ വിധിയുണ്ടായി.

അനുഛേദം 21:

നിയമാധിഷ്ഠിതമായ നടപടിക്രമത്തിലൂടെയല്ലാതെ ഒരാളുടെ ജീവനോ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്നോ അറുതിവരുത്തരുത്.

ഇതിൽ പറയുന്ന നടപടിക്രമത്തിന്റെ പരിധിയിൽ സത്വരവിചാരണക്കുള്ള അവകാശം, നീതിപൂർവ്വമായ വിചാരണക്കുള്ള അവകാശം എന്നിവയെല്ലാം ഉൾപ്പെടുമെന്ന് പിൽക്കാല വിധികളിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

ജഡ്ജിമാർക്കിടയിൽ അഭിപ്രായൈക്യമുണ്ടാകാനുള്ള സാധ്യത വിരളമാണ്. അഭിപ്രായയൈക്യമില്ലെങ്കിലും ജഡ്ജിമാരുടെ വിധികൾക്ക് വ്യക്തതയുണ്ടാകണമെന്ന് ജനങ്ങൾ ആശിക്കുന്നു. ഇപ്പോൾ പല കേസുകളിലും വിധികൾ വിശദീകരിക്കാനായി വീണ്ടും വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടിവരുന്നുണ്ട്. ❑


ജനനീതി

നവംബർ 2008

**139**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**



പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**



**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org


എഡിറ്റോറിയൽ

# ഭരണാധികാരികൾ ജനപ്രതിനിധികൾ അല്ലെന്നുവന്നാൽ!

**എ**ങ്ങനേയോ അധികാരത്തിലെത്തിയ ഒരു രാജാവ്, ക്ഷൗരവൃത്തിയിൽ തന്റെ ക്ഷുരകനുള്ള അതിസാമർത്ഥ്യം കണ്ട് അയാളെ പിടിച്ച് മന്ത്രിയാക്കിയ ഒരു പഴയ കഥയുണ്ട്. ശത്രുരാജ്യത്തിൽ നിന്നുള്ള ആക്രമണമുണ്ടായപ്പോൾ ആദ്യം ജീവനും കൊണ്ടോടിയത് ഈ ക്ഷുരകനാണത്രെ. ഒരു രംഗത്ത് സമർത്ഥനായ ഒരാൾ മറ്റു രംഗങ്ങളിൽ സമർത്ഥനായിക്കൊള്ളണമെന്ന് പഠിപ്പിക്കുന്ന ഒരു സാരോപദേശകഥയാണിത്. ഇന്നത്തെ നമ്മുടെ ഭരണാധികാരികൾക്കും ഇതൊക്കെ യോജിക്കുമെന്നു തോന്നുന്നു.

പ്രധാനമന്ത്രി രാജ്യസഭാംഗം; ആഭ്യന്തരകാര്യമന്ത്രി രാജ്യസഭാംഗം; വിദേശകാര്യമന്ത്രി രാജ്യസഭാംഗം; രാജ്യരക്ഷാമന്ത്രി രാജ്യസഭാംഗം. പ്രധാനപ്പെട്ട മന്ത്രിമാരിൽ ആകെ ധനകാര്യമന്ത്രിമാത്രമാണ് ലോകസഭാംഗമായിട്ടുള്ളത്; അതായത് വോട്ടു ചോദിച്ച് ജനങ്ങളുടെ മുന്നിൽ ചെല്ലേണ്ട ഒരൊറ്റ ആളേയുള്ളൂ എന്നർത്ഥം. ഇതെത്ര പ്രധാനമാണെന്നറിയണമെങ്കിൽ 1977 ലെ തിരഞ്ഞെടുപ്പിലേക്കൊന്നു പിൻതിരിഞ്ഞു നോക്കിയാൽ മതി. സർവ്വശക്തയായി കരുതപ്പെട്ടിരുന്ന ഇന്ദിരാ ഗാന്ധിയെപ്പോലും വോട്ടർമാർ അന്നു തോൽപ്പിച്ചു കളഞ്ഞു. ഇന്നു പ്രധാനമന്ത്രിയടക്കമുള്ള മന്ത്രി പ്രമുഖന്മാർക്കാർക്കും തോൽവിയെപ്പറ്റി വേവലാതിപ്പെടേണ്ടതില്ല. ജനങ്ങൾക്കിഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ശരി, വാഷിങ്ടണിലോ ലണ്ടനിലോ മോസ്കോവിലോ പോയി ഏതുകരാറിലും അവർക്ക് ഒപ്പിടാം. പ്രസിഡണ്ട് ബുഷിനു പോലും ഇല്ലാത്ത സ്വാതന്ത്ര്യമാണിത്.

കേന്ദ്രമന്ത്രിസഭയിലെന്നല്ല, പൊതുവെ ഇന്ത്യയിലാകെത്തന്നെ ഇതാണ് ഇന്നത്തെ സ്ഥിതി. അച്ഛന്റെയോ അമ്മയുടേയോ മക

# ഇങ്ങനേയുമുണ്ട് ഒരു നാട്; വിലകുറക്കില്ല; കൂട്ടും

- തോമസ് എൽ. ഫ്രീസ്മാൻ -

ഒരു ദിവസത്തിന്നുശേഷം ഞങ്ങൾ ഗ്രീൻലാൻഡിൽ നിന്ന് ഡെൻമാർക്കിലേക്ക് മടങ്ങി. തലസ്ഥാനമായ കോപ്പൻ ഹേഗനിലെ ചില പരിപാടികൾക്കുശേഷം ഞാൻ കാറിൽ ഹോട്ടലിലേക്ക് മടങ്ങുകയായിരുന്നു. സമയം സന്ധ്യ. 6മണി തിരക്കേറിയ നേരം. തിരക്കേറിയ നേരമാണെന്നറിഞ്ഞത് ഓരോ ജങ്ഷനിലേയും ട്രാഫിക് ജാമിലെ വാഹനങ്ങളിൽ പകുതിയും സൈക്കിളായതിനാലാണ്. ഡാനിഷ്കാരിൽ പകുതിയും ജോലിക്കു പോകാനും സ്കൂളിൽ പോകാനുമെല്ലാം സൈക്കിളാണുപയോഗിക്കുന്നത്. അതിനാൽ തിരക്കു കുറവ്; മലിനീകരണം; പൊണ്ണത്തടി കുറവ്.

എന്നെ കൂടുതൽ അത്ഭുതപ്പെടുത്തിയത് അതല്ല. നല്ല മഴയായിരുന്നു. മഴയെങ്കിൽ മഴ. ഡാനിഷ്കാർക്ക് അത് പ്രശ്നമല്ല. അവർ മഴക്കോട്ടുമിട്ട് സൈക്കിൾ ചവിട്ടുന്നു. ഞങ്ങൾ അമേരിക്കക്കാർക്ക് ഊർജ്ജകാര്യത്തിൽ ഇത്ര നിഷ്കർഷയുണ്ടായിരുന്നുവെങ്കിൽ!

1973 ൽ അറബിരാജ്യങ്ങൾ എണ്ണ ഉപരോധമേർപ്പെടുത്തിയപ്പോൾ ഡെൻമാർക്കു വല്ലാതെ വലഞ്ഞുപോയി. അമേരിക്കയുടെ സ്ഥിതിയായിരുന്നില്ല ഡെൻമാർക്കിന്റേത്. കുറച്ചു കാലത്തേക്ക് ഞായറാഴ്ചകളിൽ കാർ റോഡിലിറക്കുന്നത് നിരോധിക്കുക പോലും വേണ്ടിവന്നു. ഈ പ്രതിസന്ധിയോട് ഗവർമ്മേണ്ടും ജനങ്ങളും ഏകമനസ്സായി, ചിട്ടയോടെ, പ്രതികരിച്ചു. തന്മൂലം ഡെന്മാർക്ക് ഇന്ന് ഇന്ധന കാര്യത്തിൽ സ്വയം പര്യാപ്തമാണ്.

എങ്ങനെ ഇതു സാധിച്ചു? ഡെന്മാർക്ക് അമേരിക്കയേക്കാൾ വളരെ ചെറുതാണെന്നത് ശരിതന്നെ. നോർത്ത് സീ മേഖലയിൽ കുറച്ച് എണ്ണ കണ്ടെത്തിയെന്നതും ശരിയാണ്. ഇതൊക്കെയാണെങ്കിലും ഡെന്മാർക്ക് പെട്രോളിന് കനത്ത നികുതി ചുമത്തി; പെട്രോൾ കത്തിക്കുമ്പോഴുണ്ടാകുന്ന കാർബൺഡയോക്സൈഡിന്ന് നികുതി ചുമത്തി. കെട്ടിടങ്ങൾക്കും ഉപകരണങ്ങൾക്കും ഉണ്ടായിരിക്കേണ്ട ശേഷി നിശ്ചയിച്ചു. ഇതിന്റെയെല്ലാം ഫലമായി ഊർജോപയോഗത്തിൽ കാര്യമായ വർധനയില്ലെന്ന് ഉറപ്പുവരുത്തി. അതേസമയം സമ്പദ് വ്യവസ്ഥ വളർന്നു. ഡെന്മാർക്കിന്നാവശ്യമായ വൈദ്യുതിയിൽ 20 ശതമാനവും ഇന്ന് കാറ്റിൽനിന്നാണ് ലഭിക്കുന്നത്. അമേരിക്കയിലോ? കഷ്ടിച്ച് ഒരു ശതമാനം.

ഊർജ നികുതികൊണ്ട് ഡാനിഷ് ജനത വലയുന്നുണ്ടോ? ഇല്ല എന്നാണ് ഡെന്മാർക്കിലെ ഊർജ-കാലാവസ്ഥാകാര്യമന്ത്രി കോനി ഹെഡെ ഗാർഡിന്ന് ഒറ്റ വാക്കിൽ പറയാനുള്ള ഉത്തരം. ഈ നികുതി പുതിയ മാനങ്ങൾ കണ്ടെത്താൻ ജനങ്ങളെ പ്രേരിപ്പിച്ചു. കൽക്കരി ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുമ്പോൾ പാഴായി പോകുന്ന താപം അവർ വീടുകൾക്ക് ചൂടു നൽകാൻ ഉപയോഗിക്കുന്നു. അല്ലെങ്കിൽ വെള്ളം ചൂടാക്കാൻ ഉപയോഗിക്കുന്നു. ചവറുകൾ ഒരൊറ്റ കേന്ദ്രത്തിലിട്ടു കത്തിക്കുമ്പോൾ ആ താപവും വീടുകൾക്കു കിട്ടുന്നു. ഡെന്മാർക്കിലൊരിടത്തും കുഴിനികത്താൻ ചവറുകൾ ഉപയോഗിക്കാറില്ല.

കനത്ത നികുതിമൂലം പെട്രോളിന്ന് ഗ്യാലന്ന് പത്തു ഡോളർ നൽകേണ്ടി വരുന്നതിൽ ഇവിടെ ആരും പരാതിപ്പെടാറില്ല. കനത്ത നികുതി ചുമത്തിയ ഡാനിഷ് ഗവർമ്മേണ്ടിന്റെ നടപടിമൂലം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയാണുണ്ടായത്. ഉദാഹരണത്തിന്ന് കാറ്റു വ്യവസായം. 1970 ൽ ഇങ്ങനെ ഒന്നുണ്ടായിരുന്നില്ല. ഇന്ന് ലോകത്തിലുള്ള കാറ്റാടി ടർബൈനുകളിൽ മൂന്നിലൊന്ന് ഡെന്മാർക്കിൽ നിർമ്മിച്ചവയാണ്. ഊർജ്ജ കാര്യക്ഷമതക്കായുള്ള ഉപകരണങ്ങളുടെ കയറ്റുമതി പത്തുകൊല്ലംകൊണ്ട് മൂന്നിരട്ടിയായിട്ടുണ്ട്. ഊർജ്ജ സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട കയറ്റുമതി 2006 ൽ 1050 കോടി ഡോളറിന്റേതായിരുന്നു. 2007 ൽ അത് എട്ടുശതമാനം കണ്ട് വർധിച്ചു. ഡെൻമാർക്കിന്റെ മൊത്തം കയറ്റുമതിയുടെ വർധന രണ്ടുശതമാനം മാത്രമായിരുന്നു.

കാറ്റിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയാണ് ഡെന്മാർക്കിൽ അതിവേഗം വർധിക്കുന്ന കയറ്റുമതി വസ്തു. 1973 ൽ ഡെന്മാർക്കിന്നു വേണ്ട എണ്ണയിൽ 99 ശതമാനവും പശ്ചിമേഷ്യയിൽ നിന്നാണ് കിട്ടിയിരുന്നത്. ഇന്ന് ഒരൗൺസ് പോലും അവിടെനിന്നു വാങ്ങുന്നില്ല.

പെട്രോളിന്റെ വില വർധിക്കുന്നതിൽ അമേരിക്കയടക്കം എല്ലാ രാജ്യങ്ങളിലും ജനങ്ങൾ പരാതിപ്പെടുന്നതായി കാണുന്നുണ്ടെന്ന് ഡാനിഷ് പ്രധാനമന്ത്രി ആൻഡേഴ്സ് റാസ മുസെൻ പറഞ്ഞു. ഇതിന്നുള്ള ചികിത്സ വില കുറയ്ക്കലല്ല, നേരെ മറിച്ച് വില കൂട്ടലാണ്. പെട്രോളിനോടുള്ള ഈ കമ്പം കുറക്കാൻ അതേ വഴിയുള്ളൂ. ഡെൻമാർക്കിലെ ഊർജ്ജ കമ്പനികളെ പുതിയ കണ്ടുപിടുത്തങ്ങൾ നടത്താൻ പ്രേരിപ്പിച്ചത് നികുതിയും പ്രോൽസാഹനവുമാണ്. കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ടർബൈൻ നിർമ്മിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ കമ്പനി ഡെന്മാർക്കിലെ വെസ്റ്റാസാണ്. കഴിഞ്ഞ 18 മാസത്തിന്നിടയിൽ ഇവരോട് മത്സരിക്കാൻ തയ്യാറായി 35 കമ്പനികൾ രംഗത്തുവന്നിട്ടുണ്ട്. എല്ലാം ചീനാ കമ്പനികളാണ്. അമേരിക്കയിൽ നിന്ന് ഒരെണ്ണം പോലുമില്ല. ❏

---

നാണെന്നതുകൊണ്ടുമാത്രം സർവ്വാധികാരികളായിത്തീർന്നവർ ഇന്ത്യയിലുണ്ട്. ഒറീസ്സാ മുഖ്യമന്ത്രി നവീൻ പട്നായിക്കിന്ന് ഒറിയ ഭാഷ എഴുതാനോ സംസാരിക്കാനോ പോലും അറിയില്ലെന്ന് റിപ്പോർട്ടുണ്ടായിരുന്നു.

സ്വാതന്ത്ര്യ സമരകാലത്തെ ഉഗ്ര പോരാളിയായ ബിജു പട്നായിക്കിന്റെ മകനായതുകൊണ്ടുമാത്രം അദ്ദേഹം മുഖ്യമന്ത്രിയായി. നയപരമായോ പ്രത്യയശാസ്ത്രപരമായോ ഒരക്ഷരമെങ്കിലും അദ്ദേഹം ഇക്കാലത്തിന്നിടയിൽ മിണ്ടിയതായി റിപ്പോർട്ടില്ല. അതുകൊണ്ടാണ് ഒറീസ്സയിൽ ഈ അതിക്രമങ്ങളെല്ലാം നടന്നിട്ടും ഭരണകൂടത്തിൽനിന്ന് ഒരു നടപടിയും ഉണ്ടാകാത്തത്.

ഒറീസ ഒരു അപവാദമല്ല. കർണ്ണാടകത്തിലും, രാജസ്ഥാനിലും, ഹരിയാനയിലും, കാശ്മീരിലുമെല്ലാം നാം ഈ അച്ഛൻ-മകൻ കളിയേറെ കണ്ടതാണ്. ഭരണമാകെ കെട്ടുനാറുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഗവർമ്മേണ്ടിന്ന് ഒന്നും ചെയ്യാൻ കഴിവില്ലെന്ന്, അല്ലെങ്കിൽ അതിനുള്ള പ്രാപ്തിയില്ലെന്ന് ജനങ്ങൾക്ക് ബോധ്യം വരുമ്പോൾ അവർ - നല്ലവരും ചീത്തവും - നിയമം കയ്യിലെടുക്കുന്നു.

ക്രമസമാധാന പാലനമാണ് ഏതു ഗവർമ്മേണ്ടിന്റേയും പ്രാഥമികമായ ചുമതല. ജനജീവിതം സുരക്ഷിതവും കഴിയുന്നത്ര സുഖകരവുമാക്കിയതിന്നു ശേഷമേ ഗവർമ്മേണ്ടിന്ന് മറ്റെന്തു ചുമതലയും വന്നു ചേരുന്നുള്ളൂ. വികസനവും വിദ്യുഛക്തിയും അണുശക്തിയുമെല്ലാം നന്ന്; പക്ഷെ അതെല്ലാം ജനജീവിതം സുരക്ഷിതമാക്കിയ ശേഷം ചെയ്യേണ്ടവയാണ്. ഈ സുരക്ഷിതത്വം പ്രദാനം ചെയ്യാൻ, കഴിവില്ലാത്ത ഒരു ഗവർമ്മേണ്ടിന്നും നിലനിൽക്കാൻ അവകാശമില്ല. പ്രധാനമന്ത്രിയും മുഖ്യമന്ത്രിമാരും ഓർത്തിരിക്കേണ്ട അടിസ്ഥാന പരമായ കാര്യം ഇതാണ്. ഇടക്കിടെ വോട്ടും തേടി ജനങ്ങളുടെ മുന്നിലെത്തേണ്ടവർക്കുമാത്രമേ ഈ ബോധം ഉണ്ടാകൂ. സാഹചര്യവശാൽ അധികാരത്തിൽ കയറിപ്പറ്റുന്നവർ നാടുമുടിക്കുമെന്നു പറയുന്നതിന്റെ കാരണവും ഇതാണ്. ❏

# പ്രതിക്കൂട്ടിൽ കയറ്റപ്പെട്ട ചില ന്യായാധിപന്മാർ

**ആ**ദ്യമായിട്ടാണിങ്ങനെ സംഭവിക്കുന്നത്. ഒരു ഹൈക്കോടതി ജഡ്ജിയെ കുറ്റവിചാരണക്ക് വിധേയനാക്കി പുറത്താക്കാൻ നടപടിയെടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ ചീഫ് ജസ്റ്റീസ് ഈയിടെ പ്രധാനമന്ത്രിക്കെഴുതി. കൽക്കത്ത ഹൈക്കോടതിയിലെ സൗമിത്രസെൻ ആണ് പ്രതിക്കൂട്ടിലാക്കപ്പെട്ടിരിക്കുന്നത്.

ജ: എ. പി. ഷാ, (അന്ന് മദ്രാസ് ചീഫ് ജസ്റ്റീസ്) ജ: എ. കെ. പട്നായിക്, (മധ്യപ്രദേശ് ചീഫ് ജസ്റ്റീസ്) ജ: ആർ. എം. ലോധ (രാജസ്ഥാൻ ഹൈക്കോടതി ജഡ്ജി) എന്നിവരടങ്ങിയ ഒരു കമ്മിറ്റി കേസിലുൾപ്പെട്ട കാര്യങ്ങളെല്ലാം പരിശോധിച്ചശേഷം ജ: സെന്നിനെ പുറത്താക്കണമെന്ന് കഴിഞ്ഞ ഫെബ്രുവരി ഒന്നിന് ചീഫ് ജസ്റ്റീസിനു സമർപ്പിച്ച റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു.

സൗമിത്ര സെൻ കൽക്കത്ത ഹൈക്കോടതിയിലെ ഒരു സീനിയർ അഭിഭാഷകനായിരുന്നു. 2003 ഡിസംബർ 30നാണ് അദ്ദേഹത്തെ അവിടത്തെ ജഡ്ജിയായി നിയമിച്ചത്. ജഡ്ജിയാകുന്നതിന്നു മുമ്പ്, ഒരു വക്കീലെന്ന നിലക്ക് ഒരു കേസിൽ റിസീവറായിരിക്കെ കാണിച്ച തിരിമറികളാണ് അദ്ദേഹത്തിന്ന് വിനയായിത്തീർന്നത്.

1983ൽ സ്റ്റീൽ അഥോറിറ്റി ഓഫ് ഇന്ത്യ, ഷിപ്പിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യക്കെതിരെ ഒരു കേസ് ഫയൽ ചെയ്തിരുന്നു. ബൊക്കാറോ ഉരുക്കു നിർമ്മാണശാലയുടെ ആവശ്യത്തിന്നായി സ്റ്റീൽ അഥോറിറ്റി ഒരു സവിശേഷതരം ഇഷ്ടിക ഇറക്കുമതി ചെയ്തിരുന്നു. എന്നാൽ സാധനം ഗുണമേന്മയില്ലാത്തതാകയാൽ സ്റ്റീൽ അഥോറിറ്റി അത് തിരസ്കരിച്ചു. ബൊക്കാറോവിൽ നിരുപയോഗമായി ക്കിടക്കുന്ന സാധനം തിട്ടപ്പെടുത്തുകയും അത് വിറ്റ് പണം ഈടാക്കുകയും ചെയ്യാൻ അവർ ഷിപ്പിങ് കോർപ്പറേഷനോട് ആവശ്യപ്പെട്ടു. പക്ഷെ അവരതിന്നു തയ്യാറായില്ല. ഇതായിരുന്നു കേസ്.

1984 ഏപ്രിൽ 30ന്ന് ഹൈക്കോടതി ഈ കേസിൽ സൗമിത്ര സെന്നിനെ റിസീവറായി നിയമിച്ചു. ഇഷ്ടിക പരിശോധിക്കുക, വിൽക്കുക, എന്നിവ സെന്നിന്റെ ചുമതലയിൽ വിട്ടു. ഇഷ്ടിക വിറ്റുകിട്ടുന്ന പണത്തിന്റെ അഞ്ചു ശതമാനം റിസീവർക്കുള്ള ഫീസായി എടുക്കാം. ബാക്കി തുക ഏതെങ്കിലും നല്ല ബാങ്കിൽ നിക്ഷേപിക്കുകയും കേസിന്റെ വിധി വരുന്നതുവരെ ബാങ്കിൽ സൂക്ഷിക്കുകയും ചെയ്യുക എന്നതായിരുന്നു കോടതിയുടെ കൽപ്പന.

ഇതനുസരിച്ച് സൗമിത്ര സെൻ ചുമതലയേറ്റു; ഇഷ്ടിക വിറ്റുകിട്ടിയ പണം സ്വന്തം എക്കൗണ്ടിൽ നിക്ഷേപിച്ചു. ആ പണം സ്വന്തമെന്നപോലെ കൈകാര്യം ചെയ്തുപോന്നു. ഭീമമായ ഒരു തുകയായിരുന്നു അത്. 31 ലക്ഷത്തിൽപരം രൂപ ഇഷ്ടികയുടെ വിലയായി കിട്ടിയിട്ടുണ്ട്. അതിന്റെ പലിശവക തന്നെ 21 ലക്ഷത്തിലേറെയുണ്ട്.

ചീഫ് ജസ്റ്റീസ് നിയമിച്ച മൂന്നു ജഡ്ജിമാരടങ്ങിയ കമ്മിറ്റി പ്രശ്നം സമൂലം പരിശോധിച്ചപ്പോൾ സൗമിത്ര സെൻ കൽക്കത്ത ഹൈക്കോടതിയുടെ കൽപനയനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെന്നും, ഈ പണമത്രയും സ്വന്തമെന്നപോലെ കൈകാര്യം ചെയ്തത് ദുരുദ്ദേശപൂർവ്വമാണെന്നും കണ്ടെത്തി.

2006ൽ സ്റ്റീൽ അഥോറിറ്റി ഈ പണം കിട്ടുന്നതിന്നായി കൽക്കത്ത ഹൈക്കോടതിയിൽ ഒരു ഹർജി സമർപ്പിച്ചു. ജ: കല്യാൺ ജ്യോതി സെൻ ഗുപ്തയുടെ ബഞ്ചിലാണ് ഈ കേസിന്റെ വാദം കേട്ടത്. പലിശയടക്കം 57,65,204 രൂപ സ്റ്റീൽ അഥോറിറ്റിക്കു നൽകാൻ കോടതി കൽപ്പിച്ചു. കോടതി കൽപ്പനയനുസരിച്ച് സെൻ പണം കെട്ടി; അതിന്നുശേഷം അദ്ദേഹം അവധിയിൽ പോയി; അവധികഴിഞ്ഞ് അദ്ദേഹം തിരിച്ചെത്തിയെങ്കിലും അദ്ദേഹത്തിന്റെ ബഞ്ചിനിപ്പോൾ കേസൊന്നും കൊടുക്കാറില്ല. അദ്ദേഹം വെറുതെയിരുന്നു ശമ്പളം വാങ്ങുന്നു.

ഇതിന്നിടയിൽ സെൻ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. സെൻ ഗുപ്തയുടെ വിധിയിൽ സെന്നിനെക്കുറിച്ചുള്ള മോശമായ പരാമർശങ്ങൾക്ക് അടിസ്ഥാനമില്ലെന്നും, ജസ്റ്റീസ് സെൻ വ്യക്തിപരമായ ലാഭമുണ്ടാക്കിയിട്ടില്ലെന്നും ഡിവിഷൻബഞ്ച് വിധിച്ചു. വിചിത്രമെന്നു പറയട്ടെ, ജ: സെൻ ഗുപ്തക്കെതിരായ ജ: സെന്നിന്റെ അപ്പീലിൽ ഈ കേസിലെ വാദിയായ സ്റ്റീൽ അഥോറിട്ടിയോ പ്രതിയായ ഷിപ്പിങ് കോർപ്പറേഷനോ കക്ഷി ചേരുകയുണ്ടായില്ല.

ഏതായാലും ചീഫ് ജസ്റ്റീസ് ഈ വക വിവരങ്ങളെല്ലാം പ്രധാനമന്ത്രിക്കുള്ള കത്തിൽ വിവരിച്ചിട്ടുള്ളതിന്നാൽ പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്ന് എന്തുണ്ടാകുമെന്ന് അറിയേണ്ടിയിരിക്കുന്നു. ജ: സെന്നിന്ന് അനുകൂലമായും പ്രതികൂലമായും ഒരു പാട് വാദമുഖങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

ജഡ്ജിമാരുടെ അഴിമതി സംബന്ധിച്ച ഒരു കേസ് മാത്രമാണിത്. ഇതുപോലെ ഒട്ടേറെ കേസുകൾ വേറെയുമുണ്ട്. പഞ്ചാബ്- ഹരിയാന ഹൈക്കോടതിയിലെ രണ്ടു ജഡ്ജിമാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ ചീഫ് ജസ്റ്റീസ് ഈയിടെ സി.ബി.ഐ.ക്ക് അനുമതി നൽകി. 1991ൽ ജ: വീരസ്വാമിക്കെതിരായ അഴിമതിക്കേസിൽ ചീഫ് ജസ്റ്റീസിന്ന് നൽകപ്പെട്ട അധികാരമാണിത്. കൊല്ലം 17 കഴിഞ്ഞുവെങ്കിലും ഇതിന്നുമമ്പ് ഒരു ചീഫ് ജസ്റ്റീസും ഈ അധികാരം എടുത്തു പയോഗിച്ചിട്ടില്ല. ഈ കേസിലും പ്രശ്നം അഴിമതി തന്നെയാണ്.

പഞ്ചാബ് - ഹരിയാന ഹൈക്കോടതിയിലെ രണ്ട് ജഡ്ജിമാരാണ് ജ: നിർമ്മൽ ജിത് കൗറും ജ: നിർമ്മൽ യാദവും. ഒരു പ്രോസിക്യൂട്ടറുടെ ക്ലർക്ക് ഒരുദിവസം നിർമ്മൽ ജീത് കൗറിന്റെ വീട്ടിൽ ഒരു കെട്ട് എത്തിച്ചു. പൊതിയിൽ ബോംബാകുമെന്ന് സംശയിച്ച് സെക്യൂരിറ്റി ജീവനക്കാർ തുറന്നു നോക്കിയപ്പോഴാണ് 15 ലക്ഷത്തിന്റെ നോട്ടിൻ കെട്ട് കണ്ടെത്തിയത്. ക്ലർക്കിനെ പിടികൂടി ചോദ്യം ചെയ്തപ്പോഴാണ് അത് നിർമ്മൽ കുമാറിനെ ഉദ്ദേശിച്ചല്ല, നിർമ്മൽ യാദവിനെ ഉദ്ദേശിച്ചാണ് കൊടുത്തയച്ചത് എന്ന് വ്യക്തമായത് ഈ പ്രശ്നം ഇപ്പോൾ സി.ബി.എ.ക്കു വിട്ടിരിക്കുകയാണ്.

ഇതിനേക്കാളെല്ലാം വലുതാണ് ഘാസിയാബാദ് കുംഭകോണം. കീഴ്ക്കോടതി ജഡ്ജിമാർ, ഹൈക്കോടതിജഡ്ജിമാർ, ഒരു സുപ്രീം കോടതി ജഡ്ജി എന്നിരുൾപ്പെടെ 34 ജഡ്ജിമാർ ഉൾപ്പെട്ട കേസാണിത്. കോടതികളിലെ സാധാരണ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽനിന്ന് 23 കോടി രൂപ തട്ടിയെടുത്തുവെന്നതാണ് കേസ്. ഘാസിയാബാദ് കോടതിയിലെ ഒരു ജീവനക്കാരനായ അശുതോഷ് ആസ്ഥാനയാണ് ഈ തട്ടിപ്പിന്റെ സൂത്രധാരൻ. അതികൃതർ പിടികൂടിയപ്പോൾ ഇയാൾ കാര്യമെല്ലാം തുറന്നു പറഞ്ഞുവെന്നാണ് റിപ്പോർട്ട്. പ്രോവിഡന്റ്

# നിയമം കയ്യിലെടുക്കുന്ന അഭിഭാഷകർ

**- ശ്രവൺ ശുക്ല -**

**അ**ഭിഭാഷകനായ മൊഹമ്മദ് ഷൊവായിബ് ആഗസ്ത് 12ന്ന് ഹൈക്കോടതിയിലേക്ക് പുറപ്പെടുമ്പോൾതന്നെ കുഴപ്പം പ്രതീക്ഷിച്ചിരുന്നു. കാരണം ഭീകരരെന്നു പറഞ്ഞ് പോലീസ് പിടികൂടിയ പലർക്കുവേണ്ടിയും അദ്ദേഹം ഇതിന്നുമുമ്പും കോടതികളിൽ ഹാജരായിരുന്നു. അത് വലിയ വിവാദ വിഷയവുമായിരുന്നു. ഭീകരരായി അറസ്റ്റ് ചെയ്യപ്പെടുന്നവർക്കുവേണ്ടി കോടതിയിൽ ഹാജരാകരുതെന്ന് യു.പി. യിലെ അഭിഭാഷക സംഘടന മുൻകൂട്ടി തീരുമാനിച്ചിരുന്നതാണ്. ആ തീരുമാനം ലംഘിച്ചാണ് ഷൊവായിബ് വിവിധ കോടതികളിൽ ഹാജരായിക്കൊണ്ടിരുന്നത്. ഷൊവായിബിന്റെ വാദം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ ജനുവരിയിൽ ഒരു പ്രതിയെ കോടതി വെറുതെ വിട്ടതോടെ ഷൊവായിബിന്റെ മേലുള്ള സമ്മർദ്ദം വർധിച്ചിരുന്നു. ബഡാബങ്കി കോടതിയിൽ വച്ച് ഏപ്രിൽ 5ന്ന് അഭിഭാഷകരുടെ കയ്യേറ്റത്തിന്നിരയായി ഷൊവായിബിന് പിന്മാറേണ്ടിവന്നിരുന്നു. പിന്നീട് മേയിൽ ഫൈസാബാദ് കോടതിയിലും കയ്യേറ്റം മൂലം ഒരു കേസ് ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ ഹൈക്കോടതികളിലെ കേസുകൾ അദ്ദേഹം വിടാറില്ല. അങ്ങനെയാണ് ആഗസ്ത് 12ന്ന് അദ്ദേഹം ഹൈക്കോടതിയിൽ എത്തിയത്. അപ്പോൾ ഇരുപത്തഞ്ചോളം വരുന്ന അഭിഭാഷകർ കോടതിയുടെ നേരെ ഒരാക്രമണം നടത്തി.

പാക്കിസ്ഥാനികൾക്കുവേണ്ടി കേസ് വാദിക്കുന്നവൻ എന്നാക്ഷേപിച്ചുകൊണ്ട് അവർ ഷൊയാബിന്റെ മേൽ ചാടിവീണു. ഷൊയാബിനെ രക്ഷിക്കാൻ ശ്രമിച്ച അദ്ദേഹത്തിന്റെ ജൂനിയറായ മൊഹമ്മദ് റിസ്‌വാനും പൊതിരെ തല്ലുകിട്ടി. അവർ ഷൊയാബിനെ കോടതിയിൽനിന്നു പുറത്താക്കി. തന്റെ നേരെ നടന്ന ആക്രമണത്തെക്കുറിച്ച് വസീർഗഞ്ച് പോലീസ് സ്റ്റേഷനിൽ അദ്ദേഹം പരാതിനൽകിയെങ്കിലും പ്രഥമവിവര റിപ്പോർട്ട് രേഖപ്പെടുത്താൻപോലും പോലീസ് കൂട്ടാക്കിയില്ല.

ഭീകരരെന്ന് മുദ്രയടിച്ച് പിടികൂടി ജയിലിലടക്കുന്ന മറ്റു ചിലർക്കുവേണ്ടി കോടതിയിൽ ഹാജരാകാറുള്ള എ.എം. ഫരീദിയുടെ നേരെയാണ് അഭിഭാഷകർ പിന്നീട് തിരിഞ്ഞത്. കൊല്ല്, കൊല്ല് എന്നലറിക്കൊണ്ടാണ് അവരദ്ദേഹത്തെ വളഞ്ഞതെങ്കിലും സഹപ്രവർത്തകർ ഇടപെട്ടതിനാൽ അധികം തല്ലുകൊള്ളേണ്ടിവന്നില്ല.

ഭീകരരുടെ അക്രമങ്ങൾ മൂന്നുകൊല്ലമായി വർധിച്ചുവരികയാണെന്നത് ശരിയാണ്. പക്ഷെ അഭിഭാഷകരിൽ ഒരു ➡ വിഭാഗം ജനകീയ നീതിയിൽ വിശ്വസിക്കുന്നു. ഭീകരരെന്ന നിലയിൽ പിടികൂടിയവർക്കെതിരായ കേസ് നടക്കുമ്പോൾ കോടതി കയ്യേറുന്നതും അഭിഭാഷകരെ ആക്രമിക്കുന്നതും പതിവായിട്ടുണ്ട്. 2005 ൽ അയോധ്യയിൽ പൊട്ടിത്തെറിയുണ്ടായപ്പോൾ, അവിടത്തെ ബാർ അസോസിയേഷനാണ് ഭീകരർക്കുവേണ്ടി ആരും കോടതിയിൽ ഹാജരാകരുതെന്ന് ഒരു പ്രമേയം പാസാക്കിയത്. 2006 ൽവാരണാസിയിൽ പൊട്ടിത്തെറിയുണ്ടാപ്പോൾ അവിടത്തെ ബാർ അസോസിയേഷനും അത്തരമൊരു പ്രമേയം പാസാക്കുകയുണ്ടായി. പിന്നീട് ഈ രോഗം പലേടത്തേക്കും പടർന്നു പിടിച്ചു. അങ്ങകലെ കിടക്കുന്ന കർണ്ണാടകത്തിൽപോലും ഇത്തരമൊരു പ്രമേയം പാസാക്കപ്പെട്ടു.

തന്റെ നേരെ നടന്ന ആക്രമണം സംബന്ധിച്ച പ്രഥമവിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ പോലീസ് കൂട്ടാക്കാതിരുന്നപ്പോൾ ഷൊവായിബ് ലഖ്നൗ പോലീസ് സൂപ്രണ്ടിന്ന് അത് രജിസ്റ്റർ ചെയ്തയച്ചു; അടുത്ത ദിവസം തന്നെ ജില്ലാ ജഡ്ജിക്കും പരാതി സമർപ്പിച്ചു. വിവരമറിഞ്ഞ വക്കീൽമാർ വീണ്ടും ഷൊയാബിനെ ആക്രമിച്ചു. കോടതി പരിസരത്തിട്ട് പൊതിരെ തല്ലി. കണ്ണട തല്ലി പൊട്ടിച്ചു. വിവസ്ത്രനാക്കി കോടതി പരിസരത്ത് നടത്തിച്ചു. ഹിന്ദുസ്ഥാൻ സിന്ദാബാദ് പാക്കിസ്ഥാൻ മൂർദ്ദാബാദ് എന്നു വിളിക്കാൻ നിർബ്ബന്ധിച്ചു. കോടതി പരിസരത്ത് വലിയൊരു സംഘം പോലീസ് കാവൽ നിന്നിരുന്നുവെങ്കിലും അവരാരും ഇടപെട്ടില്ല.

ഈ സംഭവത്തെപ്പറ്റി ഹൈക്കോടതിയിലെ സീനിയർ ജഡ്ജിയായ ജ: പി. കെ. കാന്തിന്ന് പരാതി സമർപ്പിച്ചിട്ടുണ്ട്; അദ്ദേഹം ജില്ലാ ജഡ്ജിയോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുമുണ്ട്. എന്നാൽ രണ്ടു ദിവസത്തിന്നു ശേഷം മുസ്ലീം പേഴ്സനൽ ലോ ബോർഡിന്റെ നിയമോപദേശകനായ ജിലാനിയടക്കമുള്ള ഒരു സംഘം സീനിയർ അഭിഭാഷകർ ലഖ്നൗ ഹൈക്കോടതിയിൽ എത്തിയപ്പോൾ അവരും ആക്രമണത്തിന്നിരയായി ഒരു മണിക്കൂർ കഴിഞ്ഞാണ് പോലീസ് രംഗത്തെത്തിയത്. അവർ ആക്രമികൾക്കെതിരായല്ല, ആക്രമണത്തിന്നിരയായവർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വക്കീൽമാരെ വർഗ്ഗീയാടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാനാണ് ക്രിമിനൽ പാരമ്പര്യമുള്ള ചില വക്കീൽമാർ ശ്രമിക്കുന്നതെന്ന് ജിലാനി പറയുന്നു.

മൂന്നു ദിവസത്തിന്നുശേഷം ആഗസ്ത് 18ന്ന് ലഖ്നൗ ബാർ അസോസിയേഷൻ സമ്മേളിക്കുകയും ഷൊവായിബിനേയും ഫരീദിയെയും പുറത്താക്കുന്ന ഒരു പ്രമേയം പാസാക്കുകയും ചെയ്തു. ഭീകരന്മാർക്കുവേണ്ടി കോടതിയിൽ വാദിച്ചു എന്നതാണ് ഇവരുടെ പേരിൽ ചുമത്തിയിരിക്കുന്ന കുറ്റം. ജിലാനിയെ പുറത്താക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവർ ഔഡ് ബാർ അസോസിയേഷന്ന് ഒരു കത്തും അയച്ചിട്ടുണ്ട്.

ഷൊവായിബ്, ഫരീദി, ജിലാനി എന്നിവരുടെ സ്വത്തിനെപ്പറ്റി അന്വേഷണം നടത്തണമെന്നും, ഇവരുടെ മൊബൈൽ ഫോൺ ബന്ധങ്ങൾ കണ്ടെത്തണമെന്നും, ബാർ അസോസിയേഷൻ ആവശ്യപ്പെട്ടു. ഇവർക്കു പുറമെ നാല്പതു അഭിഭാഷകർകൂടി നോട്ടപ്പുള്ളികളായിട്ടുണ്ടെന്നും ബാർ അസോസിയേഷൻ പറയുന്നു.

ഭീകരരെന്ന് മുദ്രകുത്തി അറസ്റ്റ് ചെയ്യപ്പെട്ട ഒട്ടേറെ പേരുടെ കേസുകൾ ഷൊവായിബും ഫരീദിയും നടത്തിവരുന്നുണ്ട്. ഇത്തരം മുഷ്ക്കുകൊണ്ടൊന്നും താൻ പിന്മാറില്ലെന്ന് ഷൊവായിബ് പറഞ്ഞു.

ഷൊവായിബിന്റേയും മറ്റും നേരെയു

---

ഫണ്ടിൽനിന്ന് പണമെടുത്ത് ജഡ്ജിമാർക്ക് വിലയേറിയ സമ്മാനങ്ങൾ നൽകുകയാണ് ഇയാൾ പതിവ്. ഇതു സംബന്ധിച്ച രേഖകൾ പോലീസിന്നു ലഭിച്ചുവെങ്കിലും ജഡ്ജിമാരെ ചോദ്യം ചെയ്യാൻ ഇന്ത്യൻ ചീഫ് ജസ്റ്റീസ് അനുവാദം നൽകിയില്ല. ഇതുതന്നെ മറ്റൊരു വിവാദത്തിന്ന് കാരണമായിത്തീർന്നു. യു.പി. പോലീസാകട്ടെ അന്വേഷണം തുടരാൻ വസമ്മതിച്ചു. ഒടുവിൽ യു.പി. ഗവർമ്മേണ്ടിന്റെ നിർദ്ദേശ പ്രകാരം ഈ കേസും സി. ബി.ഐ. ക്ക് വിട്ടിരിക്കുകയാണ്. ❑

# പെരുവഴി ആധാരമായിത്തീർന്ന ഐ.എൻ.എ. വനിത

**- എൻ. കല്യാണി -**



1934ൽ ഐ.എൻ.എ. പരേഡിൽ ലക്ഷ്മി

ദൽഹിയിലെ ഒറീസാനിവാസിലെ ഒരു എയർ കണ്ടീഷൻ മുറിയിൽ വച്ചാണ് ഞാൻ ലക്ഷ്മി ഇന്ദിരാപണ്ഡയെ ആദ്യമായി കണ്ടത്; സ്വാതന്ത്ര്യദിനത്തിന്റെ അടുത്ത ദിവസം. ലക്ഷ്മി ഒരു ഐ. എൻ.എ. ധീരവനിതയാണ് ഒറീസയിലെ കൊരാപുട്ട് ജില്ലയിലെ ജെയപൂരാണ് സ്വദേശം. മാസംതോറും ലഭിക്കുന്ന 1000 ക. യുടെ പെൻഷനാണ് ഏക ആശ്രയം. അടുത്തകാലംവരെ അവരൊരു വീട്ടുവേലക്കാരിയായിരുന്നു. ➡

ഇന്ത്യയുടെ മോചനത്തിന്നു പോരാടിയ ലക്ഷ്മി ഇന്ന് പെരുവഴി ആധാരമായി കഴിയുന്നു. ഇക്കൊല്ലത്തെ സ്വാതന്ത്ര്യദിനാഘോഷത്തിന്ന് രാഷ്ട്രപതിയുടേയും പ്രധാനമന്ത്രിയുടേയും ക്ഷണമനുസരിച്ചാണവർ ദൽഹിയിൽ എത്തിയിരിക്കുന്നത്. ഭുവനേശ്വരിലെ സ്റ്റാമ്പ് ശേഖരണക്കാരനായ അനിൽ ധീറിന്റെ പരിശ്രമഫലമാണത്.

ലക്ഷ്മി തന്റെ ഐ.എൻ.എ. ദിനങ്ങളെക്കുറിച്ചും അതിന്നുശേഷമുള്ള ജീവിതത്തെക്കുറിച്ചും പറഞ്ഞു. ബർമ്മയിൽ ജപ്പാൻകാർ നിർമ്മിച്ചിരുന്ന റെയിൽവേയിലെ തൊഴിലാളികളായിരുന്നു ലക്ഷ്മിയുടെ മാതാപിതാക്കൾ. 1942 ൽ ഒരു ദിവസം ബ്രിട്ടീഷ് വിമാനാക്രമണത്തിൽ രണ്ടുപേരും മരിച്ചു. ലക്ഷ്മിയും സഹോദരൻ നകുലും ബ്രിട്ടീഷുകാരോട് പകപോക്കാനായി 1943 ൽ ഐ.എൻ.എ. യിൽ ചേർന്നു. അന്നു ലക്ഷ്മിക്ക് വയസ്സ് 14 മാത്രം. ചെറിയ കുട്ടിയാണെന്നു പറഞ്ഞ് നേതാജി ലക്ഷ്മിയെ തിരസ്കരിച്ചു. പക്ഷെ ലക്ഷ്മി വിട്ടില്ല. ഒടുവിൽ റണി



ലക്ഷ്മി ഇന്ന്

ഝാൻസി റജിമെന്റിൽ ലക്ഷ്മിയേയും ചേർത്തു. ആ റജിമെന്റിനെ നയിച്ചിരുന്നത് ക്യാപ്റ്റൻ ലക്ഷ്മിയാകയാൽ നേതാജി ലക്ഷ്മിയുടെ പേർ ഇന്ദിര എന്നാക്കി.

ആറുമാസത്തെ പരിശീലനത്തിന്നു ശേഷം ലക്ഷ്മി ഇന്ദിര സേവനത്തിന്നു നിയോഗിക്കപ്പെട്ടു. ഒറിയക്കാരിയായ ഒരേഒരാളായിരുന്നു ലക്ഷ്മി. ഇക്കാലത്താണ് ലക്ഷ്മിക്ക് സഹോദരനെ നഷ്ടപ്പെട്ടത്. നകുൽ എവിടെയെന്നറിയില്ല. ഐ.എൻ.എ. രേഖകളിൽ കാണാനില്ല/മരിച്ചിരിക്കാം എന്നാണ് കാണുന്നത്.

1944 ആഗസ്റ്റിൽ ഐ.എൻ.എ. ബർമ്മയിൽനിന്ന് പിന്മാറാൻ തുടങ്ങി. ഐ.എൻ.എ. ക്കാർ സഞ്ചരിച്ചിരുന്ന തീവണ്ടി ബ്രിട്ടീഷ് വിമാനാക്രമത്തിൽ തകർന്നതിനാൽ 26 ദിവസം കാൽനടയായി സഞ്ചരിച്ചാണ് ബാങ്കോക്കിലെത്തിയത്.

യുദ്ധാനന്തരം, 1951 ൽ, ലക്ഷ്മി മറ്റൊരു ഐ.എൻ.എ. ഭടനായിരുന്ന ഖഗേശ്വർ പണ്ഡയെ വിവാഹം ചെയ്തു. പക്ഷെ അധികം കഴിയും മുമ്പ് പണ്ഡെ മരിച്ചു. ആ ദാമ്പത്യത്തിൽ ഒരു മകനുണ്ട്. തൊഴിൽ രഹിതനും കള്ളുകുടിയനുമായ അയാൾ വലിയൊരു ഭാരമായിത്തീർന്നു. പോരെങ്കിൽ അയാൾക്ക് ഏഴുകുട്ടികളും! കുറച്ചുകാലം കഴിഞ്ഞപ്പോൾ അയാൾ തള്ളയെതല്ലി പുറത്താക്കി.

സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷന് ലക്ഷ്മിക്ക് അർഹതയുണ്ട്. പക്ഷെ ജയിൽവാസമനുഷ്ഠിച്ചവർക്കേ അതു ലഭിക്കൂ. ലക്ഷ്മിയെ ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തിരുന്നുവെങ്കിലും പ്രായപൂർത്തിയായിട്ടില്ലന്നതിനാലും ആരോഗ്യം മോശമായതിനാലും അവളെ വിട്ടയച്ചു. അവരവളെ ജയിലിലടച്ചിരുന്നുവെങ്കിൽ അവൾക്കിന്ന് കനത്ത പെൻഷൻ ലഭിക്കുമായിരുന്നു.

ജെയപ്പൂർ കലക്ടർ ലക്ഷ്മിക്കൊരു കഷ്ണം ഭൂമി നൽകിയിട്ടുണ്ട്. ഇന്ദിര ആവാസ് യോജന പ്രകാരം അതിൽ ചെറിയൊരു പുരയും നിർമ്മിച്ചുവരുന്നു. ❑

---

ണ്ടായ ആക്രമണങ്ങളെ യു.പി. ബാർകൗൺസിൽ വളരെ ഗൗരവപൂർവ്വമാണ് വീക്ഷിക്കുന്നത്. അക്രമികൾക്കെതിരെ നടപടിയെടുക്കുമെന്ന് ബാർ കൗൺസിൽ ഉറപ്പുനൽകി. ഇത്തരം തെമ്മാടിത്തരങ്ങൾ തുടർന്നാൽ ഭീകരരെക്കുറിച്ചുള്ള കേസുകളുടെ വിചാരണ മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റാൻ നിർദ്ദേശിക്കുമെന്ന് ബാർ കൗൺസിൽ താക്കീത് നൽകി. മൂന്ന് അഭിഭാഷകരെ പുറത്താക്കിയ സംഭവം അസംബന്ധമാണെന്ന് മുൻ അഡ്വക്കറ്റ് ജനറൽ എസ്. എം. എ. കസ്മി പറഞ്ഞു. ഭരണഘടനയിലോ അഡ്വക്കറ്റ്സ് ആക്ടിലോ വ്യവസ്ഥ ചെയ്തിരിക്കുന്ന തൊഴിൽപരമായ ഒരു മര്യാദയും ഇവർ ലംഘിച്ചിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇത് തനി ഗുണ്ടായിസമാണ്. അക്രമികളോട് ബാർ കൗൺസിൽ സമാധാനം ചോദിക്കണം; അതിന്നുശേഷം തക്കതായ നടപടിയെടുക്കണം എന്നാണ് പി.യു.സി.എൽ. ന്റെ സംസ്ഥാന പ്രസിഡണ്ടുകൂടിയായ ജ: ആർ.ബി. മെഹ്റോത്ര പറഞ്ഞത്. അഭിഭാഷകരെ വർഗീയവൽക്കരിക്കാൻ കരുതിക്കൂട്ടി നടത്തുന്ന ഒരു നീക്കമാണിതെന്ന് മനുഷ്യാവകാശ പ്രസ്ഥാനത്തിന്റെ ലഖ്നൗ മേഖലാ സെക്രട്ടറിയായ കെ.കെ. റോയ് കരുതുന്നു. ❑

# പട്ടികക്കാർക്ക് സംവരണമുണ്ട്; പക്ഷെ നിയമനമില്ല

- രാഹി ഗേക്വാദ് -

സർവ്വകലാശാലകളിൽ പട്ടിക ജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും സംവരണമേർപ്പെടുത്തിയിട്ട് നാലു ദശകം പിന്നിട്ടുവെങ്കിലും സംവരണസ്ഥാനങ്ങളിൽ പകുതിയോളം ഇപ്പോഴും ഒഴിഞ്ഞു കിടപ്പാണ്. വിവരാവകാശ നിയമപ്രകാരം യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽനിന്ന് ശേഖരിച്ച വിവരമാണിത്.

സർവ്വകലാശാലകൾ രണ്ടുതരമുണ്ട് - കേന്ദ്ര ഗവർമ്മേണ്ട് നേരിട്ടു നടത്തുന്നവയും സംസ്ഥാന സർവ്വകലാശാലകളും. കേന്ദ്ര ഗവർമ്മേണ്ടിന്റെ വകയായി 19 സർവ്വകലാശാലകളാണുള്ളത്. ഇവയിൽ അധ്യാപക നിയമനത്തിൽ 15 ശതമാനം പട്ടികജാതിക്കാർക്കും 7.5 ശതമാനം പട്ടികവർഗ്ഗക്കാർക്കും സംവരണം ചെയ്തിരിക്കുന്നു.

യൂനിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ ഈ സർവ്വകലാശാലകൾക്ക് 4887 അധ്യാപക തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്. അപ്പോൾ 1150 തസ്തികയെങ്കിലും പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കുമായി ലഭിക്കണം. എന്നാൽ യഥാർത്ഥത്തിൽ 629 തസ്തികകളിലെ പട്ടികക്കാരെ നിയമിച്ചിട്ടുള്ളൂ - 471 തസ്തികയെങ്കിലും മറ്റുള്ളവർ തട്ടിയെടുത്തിരിക്കുന്നു.

സംവരണ കാര്യത്തിൽ കേന്ദ്ര സർവ്വകലാശാലകളിൽ ഏറ്റവും പിന്നണിയിൽ കിടക്കുന്നത് ബനാറസ് ഹിന്ദു യൂനിവേഴ്സിറ്റിയാണ്. പട്ടികജാതിക്കാർക്ക് ലഭിക്കേണ്ട 155 തസ്തികകളിൽ 86 തസ്തികയേ അവർക്ക് ലഭിച്ചിട്ടുള്ളൂ. അതുപോലെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട 74 തസ്തികകളിൽ 24 എണ്ണമേ അവർക്ക് ലഭിച്ചിട്ടുള്ളൂ.

പട്ടികക്കാർക്ക് മൊത്തത്തിൽ ലഭിക്കേണ്ട 22.5 ശതമാനത്തിന്നു പകരം അവർക്ക് ലഭിച്ചിട്ടുള്ളത് 12.8 ശതമാനം മാത്രമാണ്-ഏതാണ്ട് പകുതി. ഇത് അധ്യാപകരുടെ പൊതുവെയുള്ള കാര്യമാണ്. റീഡർ, പ്രൊഫസർ എന്നിങ്ങനെ ഉയർന്ന തസ്തികകളിലേക്ക് പോകും തോറും സ്ഥിതി കൂടുതൽ ദയനീയമായിത്തീരുന്നു. കേന്ദ്ര സർവ്വകലാശാലകളിൽ ഭൂരിപക്ഷത്തിലും റീഡറായിട്ടോ പ്രൊഫസറായിട്ടോ ഒരൊറ്റ പട്ടികക്കാരനെപ്പോലും കാണാനാവില്ല. 19 കേന്ദ്ര സർവ്വകലാശാലകളിൽ 16 എണ്ണത്തിലും ഒരൊറ്റ പട്ടികജാതി പ്രൊഫസർ പോലുമില്ല; അതുപോലെ 17 എണ്ണത്തിലും പട്ടികവർഗ്ഗ പ്രൊഫസറുമില്ല. അടുത്തകാലംവരെ നിയമനത്തിന്നു മാത്രമേ സംവരണതത്വം ബാധകമാക്കിയിരുന്നുള്ളൂ എന്നതാണ് ഇതിന്റെ പ്രധാന കാരണം; പ്രമോഷന് സംവരണം ബാധകമാക്കിയിരുന്നില്ല. എന്നാൽ യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 2006ൽ റീഡർ-പ്രൊഫസർ തസ്തികൾക്കും സംവരണം ബാധകമാക്കി. എന്നിട്ടും സ്ഥിതിയിൽ മാറ്റമില്ല.

സംസ്ഥാന സർവ്വകലാശാലകളിലും അവയുമായി ബന്ധപ്പെട്ട കോളേജുകളിലും സ്ഥിതി ഏതാണ്ടിതുതന്നെയാണ്. സംസ്ഥാന സർവ്വകലാശാലകളിലെ സംവരണം സംസ്ഥാനാടിസ്ഥാനത്തിലാണ്. ആകെയുള്ള 53 സംസ്ഥാന സർവ്വകലാശാലകളിൽ സംവരണ തസ്തികകളിൽ ഏതാണ്ട് പകുതി ഒഴിഞ്ഞുകിടപ്പാണ്. പട്ടികക്കാരിൽപെട്ട പ്രൊഫസറോ റീഡറോ ഇല്ലെന്നല്ല, ലക്ചറർപോലുമില്ലാത്ത ചില സർവ്വകലാശാലകളുമുണ്ട്.

പട്ടികജാതിക്കാരെയും പട്ടികവർഗ്ഗക്കാരെയും നിയമിക്കാത്തതിൽ അധികൃതർ ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, യഥാവിധി നിയമനം നടത്താത്തവരെ ശിക്ഷിക്കാൻ ആർക്കും ഒരധികാരവും ഇല്ലെന്നതാണ് വാസ്തവം. യൂനിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന് അധികാരമുണ്ടെന്നാണ് വയ്പ്. പക്ഷെ നിയമനം നടത്തുന്നതിന് ഒരു നിശ്ചിത തിയ്യതിയൊന്നുമില്ലാത്തതിനാലും നടപടിക്രമം വളരെ സങ്കീർണ്ണമാകയാലും, ഉദ്യോഗസ്ഥൻമാർക്ക് വലിയ ശുഷ്കാന്തിയൊന്നുമില്ലാത്തതിനാലും സർവ്വോപരി ജാതി ചിന്ത ഇപ്പോഴും പ്രബലമായതിനാലും, നിയമം ലംഘിക്കുക എളുപ്പമാണ്.

യോഗ്യരായ അപേക്ഷകരില്ല എന്നതാണ് സ്ഥിരമായുള്ള ഒഴിവുകഴിവ്. അതേസമയം പട്ടികക്കാരായ എത്രയോ പേർ കരാറടിസ്ഥാനത്തിൽ ജോലിചെയ്യുന്നുമുണ്ട്. ഇവരെ ഏതുസമയത്തും പിരിച്ചുവിടാം. നിയമന വേളയിൽ ഇന്റർവ്യൂവിന് വരുന്നവരെ അകാരണമായി തിരസ്കരിക്കുന്നത് സർവ്വസാധാരണമാണ്. ഇന്റർവ്യൂ നടത്തുന്നതു തന്നെ പട്ടികക്കാരെ ഒഴിവാക്കാനാണെന്നുതോന്നും. ❑

# അതിർത്തി സംസ്ഥാനങ്ങളിലെ യാഥാർത്ഥ്യങ്ങൾ

- രാമചന്ദ്ര ഗുഹ -

ഇക്കൊല്ലം ആദ്യത്തിൽ ഞാൻ വടക്കുകിഴക്കൻ ഇന്ത്യയിലെ മൂന്നു സംസ്ഥാനങ്ങളിലൂടെ പത്തു ദിവസം നീണ്ടുനിന്ന ഒരു യാത്ര നടത്തുകയുണ്ടായി. മണിപ്പൂരിൽനിന്നായിരുന്നു യാത്രയുടെ ആരംഭം. അവിടത്തെ ആദ്യ ദിവസം രാത്രി വിദ്യാഭ്യാസ വിദഗ്ധരും പത്രക്കാരുമടങ്ങിയ ഒരു സംഘത്തിന്റെ കൂടെ അത്താഴവിരുന്നുണ്ടായിരുന്നു. അവിടത്തെ തമാശകൾ വേദനാജനകമായിരുന്നു. ഇംഫാൽ താഴ്വരയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന രണ്ട് ഏജൻസികൾക്കെതിരായിട്ടായിരുന്നു ഫലിതങ്ങൾ മുഴുവനും. അതായത് പട്ടാളത്തിനും കലാപകാരികൾക്കും എതിരായി! ഭരണകൂടത്തിന്റെ അപ്രാപ്തിയെ പരാമർശിച്ചുകൊണ്ട് ഒരാൾ പറഞ്ഞു - വിപ്ലവത്തിന്നുമുമ്പു തന്നെ ഇവിടെ ഭരണകൂടം കൊഴിഞ്ഞു പോയിരിക്കുന്നു എന്ന്. മണിപ്പൂർ സർവ്വകലാശാലയെ കേന്ദ്രസർവ്വകലാശാലയായി ഉയർത്തിയതിനെ ഒരാൾ പരാമർശിച്ചു. ബാരൽ കണക്കിന്നാണിവിടെ പണം എത്തികൊണ്ടിരിക്കുന്നത്. പക്ഷെ അതിന്റെ വിതരണം അസാധാരണ രീതിയിലാണ് . ഇംഫാൽ നഗരപരിസരത്തിലാണ് സർവ്വകലാശാല. അതിന്നുചുറ്റും മതിൽകെട്ടണം. അത്താഴവിരുന്നിൽ പറഞ്ഞ കഥ ശരായാണെങ്കിൽ നാലുഭാഗത്തെ മതിലുകൾ നാലു കരാറുകാർക്കായി നൽകി. ഓരോ കരാറുകാരനും ഓരോ കലാപസംഘത്തിന്റെ ഏജന്റാണ്.

എന്റെ പര്യടനം അവസാനിച്ചത് ആസാമിലാണ്. കേന്ദ്ര ഗവർമ്മേണ്ടിന്റെ വകയായ മറ്റൊരു പുതിയ ഉന്നത വിദ്യാഭ്യാസ കേന്ദ്രത്തിലായിരുന്നു എന്റെ പ്രഭാഷണം. ഗുവാഹതിയിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയിൽ. ഒരു കുന്നിൻപുറത്തായിരുന്നു ക്യാമ്പസ്. പണ്ട് അഹോം രാജാക്കന്മാരുടെ അധിവാസ കേന്ദ്രമാ

യിരുന്നു അത്. അവരുടെ കാലത്തിന്നുശേഷം കൊട്ടാരങ്ങളും മറ്റും ഇടിഞ്ഞു പൊളിഞ്ഞു വീണ് കാടുകയറി. ഇപ്പോൾ അവിടെ കോൺക്രീറ്റും ഗ്ലാസും ഉപയോഗിച്ചുള്ള ആധുനിക കെട്ടിടങ്ങൾ പടുത്തുയർത്തിയിരിക്കുന്നു. പലതിലും പലരൂപത്തിലും പല വലുപ്പത്തിലുമുള്ള കമ്പ്യൂട്ടറുകളുണ്ട്; അവയുംവച്ചു കളിക്കാനുള്ള കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടിയുള്ള കെട്ടിടങ്ങളും അപ്പുറത്തുണ്ട്. കെട്ടിടങ്ങളെല്ലാം ഗംഭീരം; ഏറ്റവും ഗംഭീരമായത് ഞാൻ താമസിച്ച അതിഥിമന്ദിരംതന്നെ ഒരു തടാകതീരത്താണത്.

പുതിയ ഐ.ഐ.ടി. കാമ്പസ്സിന്നു ചെലവാക്കിയ പണത്തിൽ എത്രത്തോളം ഏതെല്ലാം കലാപകാരികളുടെ കീശയിൽ ചെന്നു വീണു എന്ന് എന്നോടാരും പറഞ്ഞില്ല. ആസാമിലെ ജില്ലകളിലെല്ലാംതന്നെ കലാപകാരികളും മുൻകലാപകാരികളുമുണ്ട്. ഏതായാലും എന്റെ പ്രഭാഷണത്തിന്നുശേഷം വളരെ സവിശേഷമായൊരു പരാതി എനിക്കുകേൾക്കാൻ കഴിഞ്ഞു. ആധുനിക ഭാരതത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു എന്റെ പ്രഭാഷണം. സ്വാഭാവികമായും ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയെപ്പറ്റിയും പരാമർശമുണ്ടായി. പ്രഭാഷണാനന്തരമുള്ള ചോദ്യോത്തരവേളയിൽ, ഒരാൾ 1962 ലെ ഇന്ത്യാ-ചീനാ യുദ്ധകാലത്ത് നെഹ്റു നടത്തിയ ഒരു പ്രക്ഷേപണ പ്രസംഗത്തെപ്പറ്റി ചോദിച്ചു. ചീനാപട അതിർത്തിയിലെ ഇന്ത്യൻ സൈന്യത്തെ തുരത്തിയശേഷം ബ്രഹ്മപുത്രാതടത്തിലേക്ക് ഇരച്ചുകയറിയിരുന്നു. ആസാമിന്റെ സമതല പ്രദേശം ചീനാ പട്ടാളത്തിന്നുമുന്നിൽ തുറന്നുകിടപ്പായിരുന്നു. ആ അവസരത്തിൽ ചീനാപട വന്നതുപോലെത്തന്നെ പിൻവാങ്ങുകയും ചെയ്തു. ചീനാപട ബ്രഹ്മപുത്രാതടത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നതിന്നിടക്കായിരുന്നു നെഹ്റുവിന്റെ പ്രക്ഷേപണ പ്രസംഗം. അതിലദ്ദേഹം പറഞ്ഞു. "എന്റെ ഹൃദയം ആസാമിലെ ജനങ്ങൾക്കൊപ്പമുണ്ട്" എന്ന്.

നെഹ്റുവിന്റെ ഈ പ്രഭാഷണത്തിന്റെ അച്ചടിച്ച രൂപം ഞാൻ കണ്ടിട്ടില്ല. നെഹ്റുവിന്റെ പ്രഭാഷണങ്ങൾ അനേകം വാള്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലൊന്നും ഇതു കണ്ടില്ല. ഒരു പക്ഷെ ആകാശവാണിയുടെ പഴയ ടേപ്പുകളുടെ കൂട്ടത്തിലെങ്ങാനും ഉണ്ടായെന്നുവരാം. ആസാംകാരുടെ ദീർഘകാലമായുള്ള ഈ പരാതി ശരിയാണോ തെറ്റാണോ എന്ന് അതു കണ്ടാലേ അറിയാൻ പറ്റൂ.

വാസ്തവത്തിൽ ഈ വാചകത്തിന്ന് രണ്ടർത്ഥം കല്പിക്കാൻ കഴിയും. നെഹ്റുവിനോട് സഹതാപമുള്ളവർ ഇതിൽ ഒരു ഉൽക്കണ്ഠാ പ്രകടനമാണ് ദർശിക്കുക. ആസാംകാരോടുള്ള സ്നേഹപ്രകടനമെന്നോ വാത്സല്യ പ്രകടനമെന്നോ ഇതിനെപ്പറ്റി പറയാം. ഇന്ത്യൻ സൈന്യം തോറ്റോടിയ സ്ഥിതിക്ക് ആസാമിലെ ജനങ്ങൾ ശത്രുക്കളുടെ ദയാദാക്ഷിണ്യങ്ങൾക്ക് പാത്രമായിരിക്കുന്നതിലുള്ള ഉൽക്കണ്ഠയും ജനങ്ങളോടുള്ള സഹതാപവുമാണ് "എന്റെ ഹൃദയം നിങ്ങൾക്കൊപ്പമാണ്" എന്നു പറയുന്നതിൽ ഒരാൾ കാണുക. എന്നാൽ ചോദ്യകർത്താവ് തീർത്തും വ്യത്യസ്തമായ ഒരു വ്യാഖ്യാനമാണിതിന്ന് നൽകുന്നത്. അയാളുടെ ദൃഷ്ടിയിൽ ഇതിലൊരു വഞ്ചനയാണുള്ളത്; നെഹ്റു ആസാമിലെ ജനങ്ങളെ കൈവടിഞ്ഞുവവെന്ന അർത്ഥമാണയാൾ ഇതിന്നുകല്പിക്കുന്നത്. അക്രമികളെ തുരത്താനുള്ള നിശ്ചയദാർഢ്യം പ്രകടിപ്പിക്കുന്നതിന്നു പകരം ആസാമിലെ ജനങ്ങളെ ആരാചാർമാർക്ക് പിടിച്ചിട്ടു കൊടുക്കുകയാണ് ചെയ്തതെന്ന് അയാൾ കരുതുന്നു.

നെഹ്റുവിന്റെ പരാമർശം ഒരു വഞ്ചനയല്ല യഥാർത്ഥത്തിൽ അതൊരു ഉൽക്കണ്ഠാ പ്രകടനമാണെന്ന് ഞാൻ ചൂണ്ടിക്കാട്ടി. ഏതായാലും ഈ സംഭവം കഴിഞ്ഞിട്ടിപ്പോൾ കൊല്ലം 45 കഴിഞ്ഞ സ്ഥിതിക്ക് ഇതിനിയും വച്ചുകൊണ്ടിരിക്കേണ്ട കാര്യമില്ലെന്നും ഞാൻ ഓർമ്മിപ്പിച്ചു.

ഒരു കാര്യം തീർച്ച. ദൽഹിയിൽ വാഴുന്നവർ തങ്ങളോട് മോശമായി പെരുമാറുന്നുവെന്നു കരുതുന്നവർ ആസാംകാർ മാത്രമല്ല. വളരെ വിജയകരമായി പ്രവർത്തിക്കുന്ന പ്രാദേശിക പാർട്ടികളായ അകാലിദളവും ദ്രാവിഡ മുന്നേറ്റ കഴകവും, സ്ഥാപിതമായതുതന്നെ സിക്കുകാർക്കും തമിഴർക്കും നീതികിട്ടുന്നില്ല എന്ന ബോധത്തിൽ നിന്നാണ്. തങ്ങൾക്കെതിരെ വിവേചനം കാണിക്കുന്നുവെന്ന വിചാരം ബംഗാളികൾക്കിടയിലും കാണാം.

ആസാം ദൽഹിയിൽനിന്ന് അകലെയാണ്. ചെന്നൈയേക്കാളും കൽക്കത്തയേക്കാളും അകലെയാണ്. മണിപ്പൂരും നാഗാലാന്റും ആസാമിനേക്കാൾ അകലെയാണ്. തങ്ങൾക്കെതിരെ വിവേചനം കാണിക്കുന്നുവെന്നും, തങ്ങൾ അവഗണിക്കപ്പെടുന്നുവെന്നുമുള്ള വിചാരം ഏറ്റവുമധികം കാണുന്നത് ഈ കിഴക്കൻ സംസ്ഥാനങ്ങളിലാണ്. സ്വാതന്ത്ര്യസമരത്തിൽ ആത്മാർത്ഥമായി പങ്കെടുത്ത സംസ്ഥാനമാണ് ആസാം; എന്നാൽ സ്വാതന്ത്ര്യത്തിന്റെ സദ്ഫലം വളരെകുറച്ചുമാത്രം കിട്ടിയതും ആസാമിനാണ്. മണിപ്പൂരിനെ യഥാർത്ഥത്തിൽ ഇന്ത്യയിൽ പിടിച്ചു ചേർക്കുകയാണുണ്ടായത്. നാഗാലാന്റും മിസോറാമും യഥാർത്ഥത്തിൽ ഇന്ത്യൻ നാഗരികതയുടെ ഭാഗമല്ല. ചരിത്രപരമായും ഭൂമിശാസ്ത്രപരമായും സാംസ്കാരികയും വേറിട്ടു നിന്നിരുന്ന അവർ ബ്രിട്ടീഷുകാർ പോയതോടെ ഇന്ത്യയിൽ പെട്ടുപോയതാണ്.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ഒന്നുംതന്നെ കലാപവിമുക്തമല്ല. ഇന്ത്യയിൽനിന്ന് സ്വാതന്ത്ര്യം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എല്ലാ സംസ്ഥാനങ്ങളിലും സായുധ കലാപം നടന്നിട്ടുണ്ട്. താരതമ്യപ്പെടുത്തി പറഞ്ഞാൽ ഏഷ്യയിലെ മറ്റു രാജ്യങ്ങളിലും സ്ഥിതി ഇതുതന്നെയാണ്. ചീനക്ക് അതിർത്തി പ്രദേശങ്ങളിൽ പ്രശ്നങ്ങളുണ്ട്. തിബത്തിലെ ബുദ്ധമതക്കാരും ഉയിഘൂറിലെ മുസ്ലീമുകളും ഹാൻ വംശക്കാരുടെ രാഷ്ട്രീയവും സാംസ്കാരികവുമായ മേധാവിത്വത്തെ ചെറുക്കുന്നു. ബർമ്മാസൈന്യം കരേൻ വർഗ്ഗക്കാരായും ഷാൻ വർഗ്ഗക്കാരായും പോരാടിത്തുടങ്ങിയിട്ടു ദശകങ്ങളായി. പാക്കിസ്താനാകട്ടെ, വസീറിസ്ഥാൻ കൈവിട്ടമട്ടാണ്.

ചരിത്രപരമായി പറഞ്ഞാൽ ചോര ചിന്തിയും വേദന തിന്നുമാണ് രാഷ്ട്രങ്ങൾ പടുത്തുയർത്തപ്പെട്ടത്. ഏഷ്യ വിട്ട് യൂറോപ്പിന്റെ കഥ നോക്കൂ. ബ്രിട്ടീഷുകാരും സ്കോട്ടലാൻഡുകാരും ഫ്രെഞ്ചുകാരും പൈറേനികളും തമ്മിൽ സ്പെയിൻകാരും ബാസ്ക്കുകളും തമ്മിൽ ഉരസലേറെ നടന്നിട്ടുണ്ട്. പക്ഷെ പഴയ ബ്രിട്ടനിൽനിന്നും ഫ്രാൻസിൽനിന്നും വ്യത്യസ്തമായി, ഇന്നത്തെ ചീനയിൽനിന്നും ബർമ്മയിൽനിന്നും വ്യത്യസ്തമായി, ഇന്ത്യ ഒരു ജനാധിപത്യ രാജ്യമാണ്. മറ്റുള്ളവരെപ്പോലെ ഇന്ത്യക്ക് എതിരാളികളെ അടിച്ചമർത്താനാവില്ല. ചർച്ചയിലൂടെ പ്രശ്നം തീർക്കണം.

അതിർത്തി പ്രദേശങ്ങളിൽ ജീവിക്കുന്നവരെ മനസ്സിലാക്കാനും മാനിക്കാനും ഇന്ത്യാ ഗവർമ്മേണ്ടിന്ന് ഉത്തരവാദിത്വമുണ്ട്. അതിർത്തിയിലെ ജനങ്ങൾക്ക് തങ്ങൾ ഇന്ത്യക്കാരാണെന്ന ബോധം ഉണ്ടാകേണ്ടതുമുണ്ട്.

❑

# അന്ന് ബാബറി മസ്ജിദ്;
# ഇന്ന് അമർനാഥ് ക്ഷേത്രം

**- റാം പുനിയാനി -**

**കാ**ശ്മീരിലെ സ്ഥിതിഗതികൾ കൂടുതൽ വഷളാവുകയാണ്. ആദ്യം അമർനാഥ് ക്ഷേത്രബോർഡിന്ന് വനഭൂമി നൽകി; പിന്നീടത് റദ്ദാക്കി. കാശ്മീരിൽ ഭീകരരുടെ വിളയാട്ടം കുറഞ്ഞുവരികയായിരുന്നു. കനത്ത പട്ടാളസാന്നിധ്യമുണ്ടായിട്ടും ജനാധിപത്യമേഖല വികസിതമായി വരികയായിരുന്നു. ഇതിന്നിടയിൽ ഈ ക്ഷേത്രഭൂമി പ്രശ്നത്തെ വിഘടനവാദികളും വർഗീയവാദികളും ചൂഷണം ചെയ്യാനിടവന്നു. സ്ഥിതിഗതികൾ വീണ്ടും പഴയ മട്ടിലേക്ക് വഴുതിവീഴുകയാണെന്നു തോന്നുന്നു. കാശ്മീരിലെ രാഷ്ട്രീയത്തിൽ ഇത് വലിയ പ്രത്യാഘാതമേല്പിക്കും.

വിഘടനവാദികൾ ഊതിവീർപ്പിച്ച കാര്യങ്ങളേറെയാണ്. മുസാഫറാബാദിലേക്കുള്ള അവരുടെ മാർച്ചിന്നും സ്വാതന്ത്ര്യമെന്ന മുദ്രാവാക്യത്തിന്നും അനുകൂലമായ പ്രതികരണം ലഭിച്ചതിന്ന് കാരണങ്ങൾ രണ്ടാണ്. പ്രഥമവും പ്രധാനവുമായ ചോദ്യം ഇതാണ്: അമർനാഥ് തീർത്ഥാടനം ഇത്രയും നന്നായി നടന്നുവരുമ്പോൾ ക്ഷേത്രബോർഡിന്ന് ഭൂമി കൈമാറേണ്ട ആവശ്യമെന്താണ്? കാശ്മീരിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അമർനാഥ് തീർത്ഥാടനം വലിയൊരു വരുമാനമാർഗ്ഗമാണ്; അത് കാശ്മീർ സംസ്കാരത്തിന്റെ ഒരു ഭാഗമാണ്; അതിനെ ആരും വർഗീയമായി കണ്ടിരുന്നില്ല. അതിനെ ഹൈന്ദവവൽക്കരിച്ചത് ബി.ജെ.പി. അനുഭാവിയും ഗവർണറുമായ ജന: സിംഹയാണ്. കാശ്മീർ താഴ്വരയുടെ പാരമ്പര്യത്തിന്ന് അതൊരു കനത്ത പ്രഹരമായി. ഈ ഭൂമി കൈമാറ്റം നിയമവിരുദ്ധമാണ്. വനഭൂമി ഒരിടത്തും വനേതരമായ ആവശ്യങ്ങൾക്ക് കൈമാറാൻ പാടില്ല. പലേടത്തും മേളകൾക്കും മറ്റും വനഭൂമി ഉപയോഗിക്കാറുണ്ട്. അതെല്ലാം താൽക്കാലികമായ ഉപയോഗത്തിന്നാണ്. അമർനാഥിലെ ഇടപാട് അതിസങ്കീർണമാണ്. ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറിയാണ് അമർനാഥ് ക്ഷേത്രം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. ആ പ്രദേശത്തെ വനത്തിന്റെ ചുമതല വഹിക്കുന്ന ഫോറസ്റ്റ് ഓഫീസർ ഇയാളുടെ സ്വന്തക്കാരനാണ്. വനംവകുപ്പും ക്ഷേത്രം ബോർഡും ചേർന്നാണ് വനഭൂമി കൈമാറിയത്. നിയമവിരുദ്ധമായ ഈ തീരുമാനം അംഗീകരിക്കാൻ ഗവർമ്മേണ്ട് വിസമ്മതിച്ചപ്പോൾ കോടതി ഇടപെട്ടു. അതോടെ ആപത്തിന്റെ വിത്തു പാകിക്കഴിഞ്ഞു.

ഇവിടെ ആരും ബാബറി മസ്ജിദിന്റെ കഥ ഓർത്തുപോകും. അവിടെ 1949ൽ, നിയമവിരുദ്ധമായാണ് മസ്ജിദിൽ പ്രതിഷ്ഠ നടത്തിയത്. ബിംബം എടുത്തു മാറ്റാനുള്ള ശ്രമങ്ങളെ തടസ്സപ്പെടുത്തിയത് ആർ.എസ്.എസ്. അനുഭാവിയായ കലക്ടറാണ്. അങ്ങനെ പ്രശ്നം നീറിപ്പിടിച്ചു. ഒടുവിൽ ബാബറി മസ്ജിദ് തകർത്തു. ബി.ജെ.പിക്ക് അധികാരത്തിലേറാൻ രക്തവും മാംസവും നൽകിയത് അതാണ്. കാശ്മീർ താഴ്വരയിൽ മുസ്ലീമുകൾക്കാണ് ഭൂരിപക്ഷം. അത് മാറ്റി, അത് ഹൈന്ദവമേഖലയാക്കിമാറ്റാൻ ഇസ്രേലി വിദേശകാര്യമന്ത്രി ഷിമോൺ പെരെസ് അദ്വാനിയെ ഉപദേശിച്ചുവെന്ന കഥ പ്രസിദ്ധമാണ്. മാത്രമല്ല കാശ്മീർ താഴ്വരയിലെ ജനങ്ങളുടെ ദുരിതം സീമാതീതമാണ്. ഒരു ഭാഗത്ത് തീവ്രവാദികളുടെ ദ്രോഹങ്ങൾ; മറുഭാഗത്ത് പട്ടാളക്കാരുടെ തോന്നിവാസങ്ങൾ. ഒരു തീപ്പൊരിവീണാൽ എല്ലാം കൂടി ആളിക്കത്താവുന്ന സ്ഥിതിയാണിത്.

രണ്ടാമത്തേത് ജമ്മുവിലെ പ്രതിഷേധക്കാരുടെ ഉപരോധംമൂലം താഴ്വരയിലുള്ളവർക്കനുഭവിക്കേണ്ടിവന്ന ദുരിതമാണ്. ബി.ജെ.പി.ക്കാർ ഇത് നിഷേധിക്കുന്നുണ്ട്. പക്ഷെ സത്യം അതാണ്. കാശ്മീർ താഴ്വരയിലേക്കുള്ള ലോറികളുടെ ഡ്രൈവർമാരെ പ്രതിഷേധക്കാർ ദ്രോഹിച്ചു. പേടിച്ചരണ്ട ഡ്രൈവർമാർ പിന്മാറി. ഫലത്തിൽ ലോറികളെല്ലാം തടയപ്പെട്ടു. ഇത് താഴ്വര പ്രദേശത്ത് വലിയ പ്രത്യാഘാതം സൃഷ്ടിച്ചു. കാശ്മീർ താഴ്വരയെ ഇന്ത്യയുടെ മറ്റു ഭാഗങ്ങളുമായി ബന്ധപ്പെടുത്തുന്ന ഒരേഒരു റോഡാണിത്. അതിൽ ഗതാഗതം തടഞ്ഞതോടെ താഴ്വരയിൽ അവശ്യവസ്തുക്കൾ കിട്ടാതായി. മരുന്നുപോലും കിട്ടാത്ത സ്ഥിതിവന്നു. അതിന്നും പുറമെ പഴങ്ങളുടെ കയറ്റുമതിയാണ് കാശ്മീർ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല്. വഴി തടയപ്പെട്ടതോടെ കയറ്റുമതി നിലച്ചു. പഴം വർഗ്ഗങ്ങൾക്ക് വിലയിടിഞ്ഞു. സ്വതവേ ദുർബ്ബലമായ സമ്പദ്വ്യവസ്ഥ പാടെ തകരാൻ ഇതിടയാക്കി. ഈ പശ്ചാത്തലത്തിൽ പാക്കധീന കാശ്മീരിന്റെ തലസ്ഥാനമായ മുസാഫറാബാദിലേക്കുള്ള മാർച്ച് ജനങ്ങൾക്ക് ആകർഷകമായി തോന്നിയതിൽ കുറ്റം പറയാനാവില്ല.

ജമ്മുവിന്റെ കഥ മറ്റൊരു ദുരന്തകഥയാണ്. ഹിന്ദുക്കൾക്ക് ഭൂരിപക്ഷമുള്ള ഈ മേഖലക്ക് ഒട്ടേറെ പരാതികൾ പറയാനുണ്ട്. കാശ്മീർ ഭരണകൂടം ജമ്മുമേഖലയെ അവഗണിക്കുന്നുവെന്നതാണ് പ്രധാന കേസ് നയപരമായ പ്ലാനിങ്ങിൽ കാശ്മീർ താഴ്വരക്കാണ് എന്നും മുൻഗണന ലഭിക്കാറുള്ളത്. ഭീകരന്മാരുടെ ശല്യംമൂലം കാശ്മീർ താഴ്വരയിലെ പണ്ഡിറ്റ് സമൂഹം ജമ്മുവിലേക്ക് കുടിയേറിപ്പാർത്തു. ആർ.എസ്.എസ്.കാർ ഇതിൽനിന്നും പരമാവധി മുതലെടുക്കുകയും വർഗീയമായ ഒരന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. പരാതികളെല്ലാം അണപൊട്ടിയൊഴുകാൻ അമർനാഥ് ഭൂമി പ്രശ്നം കാരണമായി. ജമ്മുവിലെ പ്രക്ഷോഭണത്തിൽ എല്ലാ പാർട്ടിക്കാരുമുണ്ടെങ്കിലും സാരഥ്യം ബി.ജെ.പി.ക്കുതന്നെയാണ്.

കാശ്മീർ താഴ്വരയിലെ ജനങ്ങളെ ദേശീയ വിരുദ്ധരും ജമ്മുവിലെ ജനങ്ങളെ ദേശസ്നേഹികളുമായി അവതരിപ്പിക്കാനുള്ള അദ്വാനിയുടെ ശ്രമം അത്യന്തം ആപൽക്കരമാണ്. കേന്ദ്രഗവർമ്മേണ്ടാകട്ടെ, എല്ലാം കണ്ടിട്ടും ഒന്നും കണ്ടില്ലെന്നമട്ടിൽ പഴയ കളി തുടരുന്നു. വിഘടനവാദികൾ ഒരു വശത്തും വർഗീയ വാദികൾ മറുവശത്തുമായി വിദ്വേഷത്തിന്റെ തീ ഊതിക്കത്തിക്കുമ്പോൾ കേന്ദ്രഗവർമ്മേണ്ട് നിസ്സഹായമായി നോക്കിനിൽക്കുന്നു. ബാബറി മസ്ജിദിന്റെ വാതിൽ തുറന്നുകൊടുത്ത് വർഗീയവാദികളെ പ്രോത്സാഹിപ്പിച്ചതുപോലെത്തന്നെയാണിതും. ആർ.എസ്.എസ്.കാരും കൂട്ടരും ബാബറി മസ്ജിദ് തല്ലിപ്പൊളിച്ചപ്പോൾ വീണവായിച്ചിരുന്നതുപോലെത്തന്നെയാണിതും.

ബി.ജെ.പി.യുടെ താല്പര്യം ബാബറി മസ്ജിദ് പൊളിക്കണമെന്നതിലായിരുന്നു. എന്നാൽ രാമക്ഷേത്രം പണിയാനാണതെന്ന് അവർ പ്രചരിപ്പിച്ചു. മസ്ജിദ് പൊളിച്ചു; ബി.ജെ.പി. അധികാരത്തിൽ വന്നു. പക്ഷെ ക്ഷേത്രം നിർമ്മിച്ചില്ല. അമർനാഥ് യാത്രയിൽ തീർത്ഥാടനകാര്യത്തിൽ ബി.ജെ.പി.ക്ക് താല്പര്യമൊന്നുമില്ല. വർഗീയത ഊതിക്കത്തിച്ച് അധികാരത്തിലെത്തുക മാത്രമാണവരുടെ ലക്ഷ്യം.

ക്ഷേത്രത്തിന്ന് ഭൂമി നൽകിയതിന്ന് പറഞ്ഞ ന്യായങ്ങളിലൊന്ന് തീർത്ഥാടകരുടെ എണ്ണം പെരുകി എന്നാണ്. അമർനാഥ് ഗുഹക്ക് കൂടുതൽ തീർത്ഥാടകരെ സ്വീകരിക്കാനാവില്ല എന്നതാണ്

വാസ്തവം. ചൂടുകൂടുമ്പോൾ ഐസ് കൊണ്ട് രൂപംകൊണ്ട ശിവലിംഗം ഉരുകിപ്പോകുന്നു. ഇതുപോലെയുള്ള സ്ഥലങ്ങളാണ് ഗംഗോത്രിയും ഗോമുഖും. ഈ പുണ്യസ്ഥലങ്ങളുടെ സംരക്ഷണത്തിന്നായി തീർത്ഥാടകരെ നിയന്ത്രിക്കണമെന്ന് വാദിക്കുന്നത് ബി.ജെ.പി.ക്കാരാണ്. അപ്പോൾ ഈ ഇരട്ടത്താപ്പിന്നു കാരണമെന്താണ്? ഉത്തരം ഊഹിക്കാവുന്നതേയുള്ളൂ.

എല്ലാംവച്ചു നോക്കുമ്പോൾ കാശ്മീരിനെ സുന്ദരിയായ ഒരു യുവതിയോട് ഉപമിക്കാം. അയൽ രാജ്യങ്ങളായ പാക്കിസ്ഥാനും ഇന്ത്യയും അവളെ സ്വന്തമാക്കാൻ ശ്രമിക്കുന്നു. അവളുടെ ഇഷ്ടമെന്താണെന്ന് രണ്ടുകൂട്ടരും ചിന്തിക്കുന്നില്ല. ദേശാഭിമാനികളെന്നു പറയപ്പെടുന്നവർ കാശ്മീരിനെ ഒരു കഷ്ണം ഭൂമിമാത്രമായേ കാണുന്നുള്ളൂ; ജനങ്ങളുടെ ജീവിതത്തെപറ്റി ചിന്തിക്കുന്നില്ല. പല ആദർശവാദികളുടേയും ദൃഷ്ടിയിൽ കാശ്മീരിന്നു സ്വാതന്ത്ര്യം നല്കുന്നതാണ് പരിഹാരമാർഗ്ഗം. പാക്കിസ്ഥാനിലേക്കുള്ള പഴയ വ്യാപാരമാർഗ്ഗങ്ങൾ തുറന്നുകൊടുത്താൽ കാശ്മീരികൾക്ക് സാമ്പത്തികമായി ഗുണം ചെയ്യുമെന്ന് ചിലർ പറയുന്നു.

കാശ്മീർ നിയമാനുസൃതം ഇന്ത്യയിൽചേർന്നുവെന്നത് ശരിതന്നെ. എന്നാൽ ഇന്ത്യയിൽ ചേരുന്നതു സംബന്ധിച്ച കരാറിൽ പറയുന്ന സ്വയംഭരണാവകാശം കാശ്മീരിന്ന് ഒരിക്കലും നൽകിയിട്ടില്ല. കരാറിലെ പല വ്യവസ്ഥകളും കീഴ്മേൽ നോക്കാതെ ലംഘിച്ചു പോന്നിട്ടുണ്ട്. കമ്യൂണിസ്റ്റ് രാജ്യങ്ങളായ റഷ്യയാലും ചീനയാലും സോഷ്യലിസ്റ്റ് രാജ്യമാണെന്നു പറയപ്പെടുന്ന ഇന്ത്യയാലും ചുറ്റപ്പെട്ട ഒരു മേഖലയിൽ പാക്കിസ്താനെ മുൻനിർത്തി സ്വന്തം സ്ഥാനം ഉറപ്പിക്കാനുള്ള അമേരിക്കൻ ശ്രമം നന്നായി പ്ലാനിട്ടതുതന്നെയാണ്.

കാശ്മീരിലെ ഇന്നത്തെ പ്രശ്നങ്ങൾക്ക് സമാധാനപരവും നീതിപൂർവ്വവുമായ പരിഹാരത്തിന്ന് ഈ സങ്കീർണതകളും ജമ്മുവിലെ ജനങ്ങളുടേയും കാശ്മീർ താഴ്വരയിലെ ജനങ്ങളുടേയും പരാതികളും അടിസ്ഥാനമായി ത്തീരുമെന്ന് ആശിക്കട്ടെ. ❑

# സോൾഷെനിറ്റ്സിനും പാശ്ചാത്യ അവസരവാദവും

അലക്സാണ്ടർ സോൾഷെനിറ്റ്സിന്റെ തലയിൽ പാശ്ചാത്യർ മഹത്വം കെട്ടിവച്ച രീതിയിൽ പണ്ടു തന്നെ സംശയകരമായ എന്തോ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണകാര്യത്തിൽ പാശ്ചാത്യർ കാണിച്ച നിസ്സംഗത, പാശ്ചാത്യരുടെ ഉദ്ദേശശുദ്ധി സംബന്ധിച്ച പഴയ വിവാദത്തെ പുനരുജ്ജീവിപ്പിച്ചിരിക്കുകയാണ്. നോബൽ സമ്മാനം നൽകിയും മറ്റും അദ്ദേഹത്തെ മഹത്വവൽക്കരിച്ചു കാണിച്ചതിന്റെ പിന്നിൽ സാഹിത്യത്തേക്കാളേറെ രാഷ്ട്രീയമാണുണ്ടായിരുന്നതെന്ന് പാശ്ചാത്യേതര ലോകം പണ്ടേ കരുതിയിരുന്നു. പാശ്ചാത്യ ലോകത്തിലെ സ്വതന്ത്ര ചിന്തകർക്ക് പോലും അതായിരുന്നു വിചാരം.

ഒരു സാഹിത്യകാരനെന്ന നിലയിൽ പാശ്ചാത്യ ലോകം സോൾഷെനിറ്റ്സിനെ കാര്യമാക്കിയിരുന്നില്ല. സോവിയറ്റ് യൂണിയന്നെതിരായ പാശ്ചാത്യരുടെ സമരത്തിൽ സോൾഷെനിറ്റ്സിനെ കരുവാക്കുക മാത്രമാണവർ ചെയ്തിരുന്നത്. ശീതസമരത്തിന്നുശേഷം പാശ്ചാത്യ ബുദ്ധിജീവികളും പാശ്ചാത്യ ഗവർമ്മേണ്ടുകളും സോൾഷെനിറ്റ്സിനെ അവഗണിച്ചതുതന്നെ ഇതിന്നു തെളിവാണ്. പ്രയോജനം തീർന്നപ്പോൾ അവരദ്ദേഹത്തെ വലിച്ചെറിഞ്ഞു; 1994 ൽ ➡ അദ്ദേഹം റഷ്യയിലേക്ക് മടങ്ങിയതോടെ സോൾഷെനിറ്റ്സിനെക്കൊണ്ടുണ്ടായിരുന്ന നാമമാത്രമായ പ്രയാജനം പോലും തീർന്നു.

റഷ്യയിൽ പ്രസിഡണ്ട് പുട്ടിനുമായി അദ്ദേഹം കൂടുതൽ കൂടുതൽ അടുക്കുംതോറും സോൾഷെനിറ്റ്സിന്റെ പാശ്ചാത്യാരാധകർ പോലും ധർമ്മസങ്കടത്തിലായി. പുട്ടിനാകട്ടെ, സോൾഷെനിറ്റ്സിനെ പ്രീണിപ്പിക്കുന്ന ഒരു നയമാണവലംബിച്ചത്. റഷ്യൻ ഗവർമ്മേണ്ടിന്റെ മനുഷ്യാവകാശ ലംഘനങ്ങളെപ്പറ്റി പാശ്ചാത്യർ ബഹളം കൂട്ടിക്കൊണ്ടിരിക്കുന്ന കാലത്ത് സോൾഷെനിറ്റ്സിൻ പുട്ടിനെ പ്രശംസിച്ചത് പാശ്ചാത്യരെ കൂടുതൽ ക്ഷോഭിപ്പിച്ചു. പിന്നീട് സോൾഷെനിറ്റ്സിൻ കൂടുതൽ ദേശീയമായ നിലപാട് സ്വീകരിക്കുകയും പാശ്ചാത്യർക്കെതിരെ പ്രസംഗിച്ചു തുടങ്ങുകയും ചെയ്തതോടെ, അതുവരെ അദ്ദേഹത്തിന്റെ രക്ഷാധികാരികളെപ്പോലെ പ്രവർത്തിച്ചിരുന്ന പാശ്ചാത്യർ സോൾഷെനിറ്റ്സിനെ പാടെ കൈവെടിഞ്ഞു. റഷ്യയിൽനിന്ന് നാടുകടത്തി അധികം കഴിയും മുമ്പുതന്നെ സോൾഷെനിറ്റ്സിനും പാശ്ചാത്യരും തമ്മിലുള്ള ബന്ധം ഉലയാൻ തുടങ്ങിയിരുന്നു. 1978 ൽ, അമേരിക്കയിൽ കഴിയുമ്പോൾ, ഹാർവാർഡ് സർവ്വകലാശാലയിൽ നടത്തിയ ഒരു പ്രഭാഷണത്തിൽ അദ്ദേഹം പാശ്ചാത്യ ലോക വീക്ഷാഗതിയെ അപലപിച്ചു. മേധാവിത്വ ചിന്തയുടെ അന്ധത പാശ്ചാത്യ ലോകത്തെ ബാധിച്ചിരിക്കുകയാണെന്നും, ശിഷ്ടലോകത്തെ സ്വന്തം രൂപത്തിൽ വാർത്തെടുക്കാൻ പാശ്ചാത്യർ ശ്രമിക്കുകയാണെന്നും അദ്ദേഹം അന്ന് ആക്ഷേപിച്ചു.

സ്വാതന്ത്ര്യം, ജനാധിപത്യം എന്നിവ സംബന്ധിച്ച് നിലവിലുള്ള പാശ്ചാത്യാശയങ്ങളെ സോൾഷെനിറ്റ്സിൻ രൂക്ഷമായി വിമർശിച്ചു. തന്റെ നാട്ടുകാർക്ക് നിലവിലുള്ള പാശ്ചാത്യ രീതി ഒരു മാതൃകയായി താൻ ചൂണ്ടാക്കാണിക്കില്ലെന്ന് അദ്ദേഹം ആ പ്രഭാഷണത്തിൽ പറഞ്ഞു.

അതിന്നുശേഷം അദ്ദേഹം പത്രങ്ങളുടെ നേരെ തിരിഞ്ഞു. പത്രങ്ങൾക്ക് പാശ്ചാത്യലോകത്തിൽ അതിവിപുലമായ സ്വാതന്ത്ര്യമുണ്ടെന്നത് ശരിയാണ്. പത്രങ്ങൾ എന്നതുകൊണ്ട് ഞാൻ എല്ലാമാധ്യമങ്ങളേയുമാണുദ്ദേശിക്കുന്നത്. പക്ഷെ ഈ സ്വാതന്ത്ര്യംകൊണ്ട് എന്താണ് ചെയ്യുന്നത്? നിയമം അക്ഷരത്തിൽ പാലിക്കുന്നുണ്ടോ എന്നതല്ല പ്രശ്നം. തെറ്റായി ചിത്രീകരിക്കുന്നതിൽ ധാർമ്മികമായ ഒരു ഉത്തരവാദിത്വവുമില്ല. ഒരു പത്ര പ്രവർത്തകന് തന്റെ വായനക്കാരോട്, ചരിത്രത്തോട്, ഏതുതരം ഉത്തരവാദിത്വമാണുള്ളത്. ശരിയല്ലാത്ത വിവരങ്ങൾകൊണ്ട്, തെറ്റായ നിഗമനങ്ങൾകൊണ്ട് പൊതുജനാഭിപ്രായത്തേയോ ഗവർമ്മേണ്ടിനേയോ വഴിപിഴപ്പിച്ചാൽ, ആ പത്രം അല്ലെങ്കിൽ പത്രക്കാരൻ, അത്തരം തെറ്റ് സമ്മതിക്കുന്നതായി നാം കാണുന്നുണ്ടോ? ഇല്ല; കാരണം അത് പത്രവിൽപ്പനയെ ബാധിക്കും. ഇത്തരം തെറ്റിന്ന് ഇരയാകുന്നത് ഒരു രാഷ്ട്രമായിരിക്കാം; പക്ഷെ പത്രക്കാരന്ന് ഒന്നും സംഭവിക്കില്ല. പ്രസിദ്ധരായ ആളുകളുടെ സ്വകാര്യതയിൽ കടന്നുകയറും. എല്ലാവർക്കും എല്ലാം അറിയാൻ അവകാശമുണ്ടെന്നാണ് വാദം. പക്ഷെ ഇതൊരു തെറ്റായ മുദ്രാവാക്യമാണ്. അറിയാതിരിക്കാനും ജനങ്ങൾക്ക് അവകാശമുണ്ട്. കൂടുതൽ വിലപ്പെട്ട അവകാശമാണത്. തങ്ങളുടെ ദൈവികമായ ആത്മാക്കളെ വെറും ശ്രുതികൾകൊണ്ടും അസംബന്ധംകൊണ്ടും പാഴ്വാക്കുകൾകൊണ്ടും നിറക്കാതിരിക്കാനുള്ള അവകാശം?

അദ്ദേഹത്തിന്റെ ആതിഥേയരും പുരോഗമന ചിന്താഗതിക്കാരായ ശ്രോതാക്കളും ഇതെല്ലാം കേട്ട് അന്തംവിട്ടിരുന്നു. സോൾഷെനിറ്റ്സിൻ വല്ലാത്ത സ്വതന്ത്ര ചിന്താഗതിക്കാരനാണെന്നും, അദ്ദേഹത്തെ വിശ്വസിച്ചുകൂടെന്നും പാശ്ചാത്യർ മനസ്സിലാക്കി. അദ്ദേഹം കമ്യൂണിസ്റ്റ് വിരോധിയാകാം; എന്നാൽ അദ്ദേഹം മുതലാളിത്തത്തിന്റേയോ പാശ്ചാത്യ രീതിയിലുള്ള ജനാധിപത്യത്തിന്റേയോ ആരാധകനുമല്ല. സോൾഷെനിറ്റ്സിനോടുള്ള പാശ്ചാത്യരുടെ മനോഭാവത്തിന്ന് മാറ്റം വന്നത് ഈയൊരു പ്രഭാഷണത്തോടെയാണ്. ❑

# രാഷ്ട്രീയക്കാരുടെ വേഷങ്ങളും കാപട്യങ്ങളും

- എസ്.കെ. സാക്സേന -

രാജ് താക്കറേ ആരുമല്ലാത്ത ഒരു സംസ്ഥാനതല രാഷ്ട്രീയക്കാരനായിരുന്നു. വെറും പൂജ്യമായിരുന്ന അയാളെ പൂജനീയനാക്കിയത് മറുനാട്ടുകാർക്കെതിരായി അഴിച്ചുവിട്ട അക്രമങ്ങളാണ്. ഇത് തീവെപ്പിന്നും കൊള്ളക്കും ഇടയാക്കിയെന്നല്ല, ഒട്ടേറെ പേരെ മുംബായിൽനിന്ന് ഓടിക്കുകയും ചെയ്തു. ഗവർമ്മേണ്ടിന്റെ കൊള്ളരുതായ്മ മൂലം അയാൾ അയാളുടെ തിരഞ്ഞെടുപ്പു ലക്ഷ്യം നേടി. അക്രമങ്ങൾ നടക്കുമ്പോൾ ഗവർമ്മേണ്ട് ഒന്നും ചെയ്തില്ലെന്നല്ല, എല്ലാം കഴിഞ്ഞപ്പോൾ അറസ്റ്റെന്ന ഒരു നാടകവും വിട്ടയക്കലെന്ന നാടകവും നടത്തി അയാളെ സഹായിക്കുകയും ചെയ്തു. അറസ്റ്റ് ചെയ്യലും വിട്ടയക്കലുമെല്ലാം വെറും മൂന്നു മണിക്കൂറിന്നിടയിലാണെന്നോർക്കണം.

രാഷ്ട്രീയകക്ഷികൾ പ്രതികരിച്ചതും പ്രതികരിക്കാതിരുന്നതുമെല്ലാം അവരുടെ രാഷ്ട്രീയ ലക്ഷ്യം മുൻ നിർത്തിയായിരുന്നു. ഉത്തരേന്ത്യൻ നേതാക്കളായ ലാലു പ്രസാദ് മായവതി അമർസിങ് തുടങ്ങിയവർ താക്കറെക്കെതിരെ ശക്തിയായി പ്രതികരിച്ചപ്പോൾ സോണിയാഗാന്ധിയും രാഹുൽ ഗാന്ധിയും മിണ്ടിയില്ല. മഹാരാഷ്ട്ര മുഖ്യമന്ത്രി വിലാസ് റാവു ദേശ്മുഖ് പോലും മിണ്ടാതിരിക്കാനാണ് ശ്രമിച്ചത്.

ലാലു പ്രസാദിന്റെ കീഴിൽ റെയിൽവേയിലെ റിക്രൂട്ട്മെന്റെല്ലാം ബീഹാറികൾക്ക് ലഭിക്കുന്നുവെന്ന ഒരു ധാരണ പരക്കെയുണ്ട്. മഹാരാഷ്ട്രത്തിലും കർണ്ണാടകത്തിൽ പോലും അങ്ങനെയാണത്രെ. കേന്ദ്ര ഗവർമ്മേണ്ട് ഗൗരവപൂർവ്വം അന്വേഷിക്കേണ്ടൊരു കാര്യമാണിത്. ഉത്തരപ്രദേശിലും ബീഹാറിലും ഗവർമ്മേണ്ടുകൾ മാറിമാറിവരുന്നുണ്ടെങ്കിലും വികസന കാര്യത്തിലോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിലോ ഒരു ഗവർമ്മേണ്ടും ശ്രദ്ധിക്കുന്നില്ല. മുൻ രാഷ്ട്രപതി എ.പി.ജെ. കലാം ഇതിനെച്ചൊല്ലി കുറെ കാലം ബഹളംകൂട്ടിനോക്കി. ഒരു ഫലവുമുണ്ടായില്ല. വാസ്തവത്തിൽ പണം പിടുങ്ങുക, ഭീഷണിപ്പെടുത്തി പണം കൈക്കലാക്കുക, ആളെ റാഞ്ചുക എന്നിവയടങ്ങിയ ഒരു സംസ്കാരം തന്നെ വളർത്തിയെടുക്കുന്നുണ്ട്. തന്മൂലം തൊഴിൽ പരമായ യോഗ്യതകളുള്ളവർ ദൽഹിയിലേക്ക് പേടിച്ചോടുന്നു; ഒന്നിന്നും കഴിവില്ലാത്തവർ മുംബായിയിൽ അടിഞ്ഞുകൂടുന്നു.

എല്ലാവരേയും ഉൾക്കൊള്ളുന്ന വികസനം എന്ന ആശയത്തിന്ന് അധരസേവനം നൽകുന്നതിനപ്പുറം യഥാർത്ഥമായും എന്തെങ്കിലും ചെയ്യാൻ കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾ എന്നാണ് തയ്യാറാകുക? രാജ്യത്തിന്റെ ഏതുഭാഗത്തു പോയി ജീവിക്കാനും പണിയെടുക്കാനും ഭരണഘടന നമുക്ക് അവകാശം നൽകുന്നുണ്ടെന്നത് ശരിതന്നെ. പക്ഷെ ജനങ്ങൾക്കാവശ്യമായ വിദ്യാഭ്യാസവും വൈദഗ്ദ്ധ്യവും പ്രദാനം ചെയ്യാൻ തദ്ദേശ ഭരണകൂടങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നതും മറക്കരുത്. അങ്ങനെ ചെയ്താൽ ജനങ്ങൾക്ക് വീടിന്നടുത്തെവിടെയെങ്കിലും പണിയെടുത്തു ജീവിക്കാനാവും.

നമുക്ക് മുംബായിലേക്ക് തിരിച്ചു വരാം. രാഷ്ട്രീയക്കാർ ഈ നഗരത്തെ മന:പൂർവ്വം അവഗണിച്ചുവരികയാണ്. സ്വർണത്തിന്റേയും സ്വപ്നങ്ങളുടേയുമായ ഒരു നഗരമായിരുന്നു ഇത്. എന്നാൽ ഇതിന്നകത്ത് ശ്വാസം മുട്ടുന്നതായ ഒരനുഭവമാണ് ഇന്നാട്ടുകാർക്കും മറുനാട്ടുകാർക്കും ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. 1970 കൾവരെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സുഖമായി ജീവിക്കാൻ കഴിഞ്ഞിരുന്ന ഒരു നഗരമാണിത്. ഇനിയുമിത് വികസിപ്പിച്ചാൽ എല്ലാവർക്കും ശ്വാസം മുട്ടുമെന്ന് പ്ലാനർമാർ കണ്ടറിഞ്ഞു. ചാൾസ് കൊറിയയെപ്പോലെ പ്രഗത്ഭരടങ്ങിയ ഒരു കമ്മിറ്റി പുഴക്കക്കരെ ഒരു അനുബന്ധ നഗരം വികസിപ്പിക്കാൻ നിർദ്ദേശിച്ചു. അങ്ങനെ, 1979 ൽ മഹാരാഷ്ട്ര ഗവർമ്മേണ്ട് ഒരു ന്യൂ ബോംബെ പദ്ധതി അനുവദിച്ചു. നികുതി ദായകരുടെ ആയിരക്കണക്കിന്നു കോടി പണമാണിതിന്നു ചെലവാക്കിയത്. പണം ചെലവാക്കിയെങ്കിലും ഒരൊറ്റ സർക്കാർ ഓഫീസും പുതിയ സിറ്റിയിലേക്ക് മാറ്റി സ്ഥാപിച്ചില്ല!

നിർമ്മാണ ലോബിയുടെ സമ്മർദ്ദത്തിന്നു വഴങ്ങി സർക്കാർ നേരെ എതിർ വഴിക്കാണ് നീങ്ങിയത്. തെക്കൻ ബോംബെയിൽ കടൽ നികത്തി കെട്ടിടം പണിയാൻ സർക്കാർ അനുമതി നൽകി. അങ്ങനെ നരിമാൻ പോയന്റിലും കഫെ പരേഡിലും പുതിയ സ്ഥലങ്ങൾ ഉയർന്നുവന്നു. വടക്കുനിന്ന് തെക്കോട്ടുള്ള വീതി കുറഞ്ഞ ഭാഗത്ത് ഇത് കൂടുതൽ സമ്മർദ്ദമുളവാക്കി. ജനസാന്ദ്രതയും മാലിന്യവും വർധിച്ചു. നവമുംബായിൽ മാത്രമേ പുതിയ ബിസിനസ്സ് അനുവദിക്കൂ എന്ന തീരുമാനം ഒരിക്കലും നടപ്പാക്കിയുമില്ല! സ്ഥിതിഗതികൾ കൂടുതൽ വഷളാക്കാൻ കൂടുതൽ കടൽ നികത്തിയെടുക്കുകയും ചെയ്തു. മുംബായിലെ വെള്ളപ്പൊക്ക സാധ്യത ഇത് ഇരട്ടിപ്പിച്ചു.

നിർമ്മാണ ലോബിക്കാരുടെ ഈ പരാക്രമത്തിന്നിടയിൽ കടലിൽ മത്സ്യബന്ധനം നടത്തി ജീവിച്ചിരുന്ന പാവങ്ങൾ പുറംതള്ളപ്പെട്ടു. അവർക്ക് പാർപ്പിടങ്ങൾ മാത്രമല്ല ഉപജീവനമാർഗ്ഗവും നഷ്ടപ്പെട്ടു. തീരദേശനിയമങ്ങളെയെല്ലാം ലംഘിച്ചുകൊണ്ടാണ് അംബരചുംബികളായ സൗധങ്ങൾ നിർമ്മിച്ചു കൂട്ടിയത്. ഇതൊടൊപ്പം മിൽ തൊഴിലാളികളും വഞ്ചിക്കപ്പെട്ടു. പൂട്ടിയ ടെക്സ്റ്റൈൽ മില്ലുകളുടെ വകയായ ഭൂമി മിൽ തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന്നു നൽകാമെന്നായിരുന്നു വ്യവസ്ഥ. മുഖ്യമന്ത്രിതന്നെ ഇടപെട്ട് ഈ വ്യവസ്ഥ മാറ്റി.

പാവങ്ങൾക്ക് വീടുണ്ടാക്കിക്കൊടുക്കാൻ സംഘടിപ്പിച്ചതായിരുന്നു മഹാരാഷ്ട്ര ഹൗസിങ്ങ് ആന്റ് ഏരിയാ ഡെവലപ്പ്മെന്റ് അഥോറിട്ടി. പക്ഷെ കൈവശം വരുന്ന ഭൂമിയെല്ലാം പണക്കാർക്ക് വീടുണ്ടാക്കാൻ പങ്കുവച്ചു നൽകുന്നതിന്ന് ഇവർ സകല വിദ്യയും പ്രയോഗിച്ചുവരുന്നു. അതുപോലെ ചേരി പുനരധിവാസ പദ്ധതിയും ചേരിനിവാസികളെ പുറത്താക്കി പണക്കാർക്ക് വീടുണ്ടാക്കാനായി ഉപയോഗിക്കുന്നു. ഈ വികസന പ്രവർത്തനമെല്ലാം നടത്തുന്നതാകട്ടെ, അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് ചിന്തിക്കുക പോലും ചെയ്യാതെയാണ്. ചുരുക്കത്തിൽ മുംബായിയുടെ 60 ശതമാനവും ചേരിബായ് ആയിമാറുന്നു.

പാവങ്ങളെ തല്ലിപുറത്താക്കി അന്തം കെട്ട് നിർമ്മാണ പ്രവർത്തനം നടത്തുമ്പോൾ അതുതന്നെ ജനങ്ങളിൽ അസംതൃപ്തി ജനിപ്പിക്കും; അതാകട്ടെ, സ്വാഭാവികമായും മറുനാടന്മാർക്കെതിരാകും. താക്കറെയും അദ്ദേഹത്തിന്റെ സ്നേഹിതനും മുൻ മുഖ്യമന്ത്രിയും മുൻ ലോകസഭാ സ്പീക്കറുമായ മനോഹർ ജോഷിയും ദാദറിൽ നിർമ്മാണ പ്രവർത്തനം നടത്തുന്ന ഒരു കമ്പനിയിലെ പാർട്ണർമാരാണ്. വിരോധാഭാസമെന്നു പറയട്ടെ, ഇവർ നിർമ്മിക്കുന്നതും പണക്കാർക്കുള്ള ബംഗ്ലാവുകളാണ്. പോരാ, പൂട്ടിയ ഒരു മില്ലിലെ തൊഴിലാളികളായിരുന്ന മറാത്തികൾക്കവകാശപ്പെട്ട ഭൂമിയിലാണ് നിർമ്മിക്കുന്നതും!

ദേശീയതലത്തിലായാലും സംസ്ഥാനതലത്തിലായാലും എല്ലാ രാഷ്ട്രീയക്കാരും എല്ലാ ഗവർമ്മേണ്ടുകളും പാവങ്ങളുടേയും തദ്ദേശീയരുടേയും പേരിൽ അധരസേവനം നടത്തുകയും പണക്കാർക്കും പ്രബലർക്കും വേണ്ടിയള്ള വികസന ത്തിൽ വ്യാപൃതരാകുകയും ചെയ്യുന്നുവെന്നതാണ് വാസ്തവം. ❏

കവർസ്റ്റോറി

# ഖൈർലഞ്ജി: റദ്ദാക്കാൻ വേണ്ടി എഴുതിയ വിധി

-എസ്. ആനന്ദ്-

മഹാരാഷ്ട്രത്തിലെ ഭണ്ഡാര ജില്ലയിലെ താൽക്കാലിക സെഷൻസ് ജഡ്ജിയായ എസ്. എൻ. ദാസ് 2008 സെപ്തംബർ 24ന്ന് ആറുപേരെ തൂക്കിക്കൊല്ലാനും രണ്ടുപേരെ ജീവപര്യന്തം തടവിനും ശിക്ഷിച്ചു. 2006 സെപ്തംബർ 29ന്ന് ഖൈർലഞ്ജി ഗ്രാമത്തിലെ ബോട്മാംഗെ കുടുംബത്തിൽപെട്ട ദളിതരും ബുദ്ധമതാനുയായികളുമായ നാലുപേരെ കൂട്ടക്കൊല നടത്തിയ കേസ് സംബന്ധിച്ചുള്ളതായിരുന്നു ഈ വിധി. ചിലർ ഇതിനെ ചരിത്രപ്രധാനമായ വിധി എന്നാണ് വിശേഷിപ്പിച്ചത്. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനു ശേഷം ഇതാദ്യമായിട്ടാണ് ദളിതനെ വധിച്ചതിനൊരാൾക്ക് വധശിക്ഷ നൽകുന്നത് എന്നവർ ചൂണ്ടിക്കാട്ടി.

പക്ഷെ പ്രതികൾ കുറ്റക്കാരാണെന്ന് വിധിച്ച സെപ്തംബർ 15ന്നു തന്നെ ജഡ്ജി മറ്റൊരുകാര്യം ചൂണ്ടിക്കാട്ടിയിരുന്നു. മുമ്പുചെയ്ത ഒരതിക്രമത്തിന്ന് പകവീട്ടലായിരുന്നു ഖൈർലഞ്ജിയിലെ അതിക്രമങ്ങൾ എന്നായിരുന്നു ജഡ്ജിയുടെ വിലയിരുത്തൽ. പട്ടികജാതിക്കാർക്കെതിരായ അതിക്രമം നിരോധിച്ച 1989 ലെ നിയമവുമായോ ഒരു സ്ത്രീയെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുന്നതിന്നെതിരായ നിയമവുമായോ ഇന്ത്യൻ പീനൽ കോഡിലെ ബലാത്സംഗനിയമവുമായോ ഈ കേസിന്ന് എന്തെങ്കിലും ബന്ധമുള്ളതായി വിധിന്യായത്തിൽ പറയുന്നില്ല. 2006 നവംബറിൽ സി.ബി.ഐ. അന്വേഷണം ഏറ്റെടുക്കുന്നതുവരെ പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിലും ബലാത്സംഗക്കാര്യം നിഷേധിച്ചുവരികയായിരുന്നു. ചുരുക്കത്തിൽ ഒരു അടിപിടി കേസായി ഇതു തള്ളപ്പെട്ടു എന്നാണ് മിക്കവരും ഭയന്നിരുന്നത്. കാരണം കടുത്ത ശിക്ഷ നൽകാവുന്ന ഒന്നും വിധിന്യായത്തിലില്ലായിരുന്നു. ജഡ്ജിയുടെ ഈ വിധിന്യായത്തിൽ ദളിത് നേതാക്കന്മാർ ഉൽക്കണ്ഠ പ്രകടിപ്പിച്ചു. പ്രഗത്ഭ സാമ്പത്തിക ശാസ്ത്രജ്ഞനും പൂനാ സർവ്വകലാശാല വൈസ് ചാൻസലറുമായ നരേന്ദ്രയാദവ് എട്ടു പ്രതികൾക്കു കഠിന ശിക്ഷ നൽകണമെന്നാവശ്യപ്പെട്ടു. സാമൂഹ്യ നീതിക്കുള്ള കേന്ദ്ര മന്ത്രിയായ മീരാകുമാറും ഉൽക്കണ്ഠ പ്രകടിപ്പിച്ചു. ഇത്തരം അതിക്രമങ്ങളെ വെറും ക്രിമിനൽ കുറ്റങ്ങളായി കരുതുകയാണെങ്കിൽ, ദളിതർക്കെതിരായ അക്രമം നിരോധിക്കുന്ന നിയമം അർഥശൂന്യമാകുമെന്ന് അവർ ചൂണ്ടിക്കാട്ടി. മഹാരാഷ്ട്ര മുഖ്യമന്ത്രി ദേശ്മുഖിനും കേന്ദ്ര ആഭ്യന്തരകാര്യമന്ത്രി പട്ടീലിന്നും ഇതുസംബന്ധിച്ച് അവർ എഴുതുകയും ചെയ്തു.

കേസിന്റെ വിധി പറഞ്ഞ സെപ്തംബർ 15ന്നും, ശിക്ഷ പ്രഖ്യാപിച്ച സെപ്തംബർ 24ന്നും ഇടക്കുണ്ടായ ഈ ബഹളങ്ങൾ കാരണമാകണം പ്രതികളിൽ ആറുപേർക്ക് വധശിക്ഷ നൽകിയത്. അപ്പോൾ ഈ വധിയെ നാം എങ്ങനെ മനസ്സിലാക്കണം. ജഡ്ജിയുടെ വിധിന്യായമനുസരിച്ചാണെങ്കിൽ പ്രതികളെയെല്ലാം വെറുതെവിടുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. ബലാത്സംഗം, ഗൂഡാലോചന, ജാതീയത എന്നീ കുറ്റങ്ങളെല്ലാം വിധിന്യായത്തിൽ വിട്ടുകളഞ്ഞിരിക്കുന്നതിനാൽ ➡

ഈ വധശിക്ഷ ഹൈക്കോടതി അംഗീകരിക്കാനിടയില്ല. (ഹൈക്കോടതി അംഗീകരിച്ചാൽ മാത്രമേ കീഴ്ക്കോടതിയുടെ വധശിക്ഷക്ക് പ്രാബല്യം സിദ്ധിക്കൂ.)

ദളിതുകൾ ദിവസേന അനുഭവിച്ചുകൊണ്ടിരിക്കുന്ന അനീതിയുടെ ഒരു നേർപകർപ്പാണന്ന് ഖൈർലഞ്ജി. ഇതൊന്നും ആരും അറിയാറില്ല. പത്രങ്ങൾ റിപ്പോർട്ട് ചെയ്യാറുമില്ല. നാഷനൽ ക്രൈം റെക്കോർഡ് ബ്യൂറോ ഇടക്കിടെ ചില കണക്കുകൾ പ്രസിദ്ധീകരിക്കാറുണ്ട്. അതനുസരിച്ച് ദിവസേന രണ്ടു ദളിതുകൾ കൊല്ലപ്പെടുന്നു; മൂന്നു ദളിത് സ്ത്രീകൾ ബലാത്സംഗത്തിന്നിരയാകുന്നു; ഓരോ 18 മിനിട്ടിലും ഓരോ ദളിത് കയ്യേറ്റത്തിന്ന് പാത്രമാകുന്നുണ്ട്. ഇതൊക്കെ സർക്കാർ രേഖകളിൽ വരുന്ന കാര്യങ്ങൾ; ആരും അറിയാതെ പോകുന്നവ എത്രയെന്ന് ഊഹിക്കുകയേ നിവൃത്തിയുള്ളൂ.

സാമൂഹ്യ നീതിക്കുള്ള മന്ത്രികാര്യാലയത്തിന്റെ വാർഷിക റിപ്പോർട്ടനുസരിച്ച് ദളിതുകൾക്കെതിരായ അതിക്രമം നിരോധിക്കുന്ന നിയമപ്രകാരം ചാർജ്ജ് ചെയ്യുന്ന കേസുകളിൽ 15 ശതമാനം മാത്രമേ ശിക്ഷയിൽ കലാശിക്കുന്നുള്ളൂ. ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള കേസുകളിൽപോലും 40 ശതമാനത്തിലേറെയുണ്ട്.

മഹാരാഷ്ട്രത്തിൽ 2004 ലെ കണക്കനുസരിച്ച് ദളിത് നിയമപ്രകാരമുള്ള 6535 കേസുകൾ കെട്ടികിടപ്പുണ്ട്; 2004 ൽ തീർപ്പാക്കിയതാകട്ടെ 0.84 ശതമാനം കേസുകൾ മാത്രമാണ്. ഖൈർലഞ്ജിയിലെപ്പോലെ ഇത്രയും ഭീകരമായ സംഭവം നടന്നിട്ടും ദളിത് നിയമപ്രകാരം കേസെടുക്കുന്നില്ലെങ്കിൽ, ഈ നിയമം നിഷ്പ്രയോജനമാണെന്നുവരും. ഈ ദളിത് നിയമം റദ്ദാക്കണമെന്ന സമാജിവാദി പാർട്ടി, ശിവസേന തുടങ്ങിയ മറ്റുപിന്നോക്ക സമുദായങ്ങളുടെ ആവശ്യം പ്രസക്തമാക്കുന്ന നടപടിയാണിത്.

# മനുഷ്യൻ നന്നാകാഞ്ഞാൽ ഒന്നും നന്നാവില്ല

ജഡ്ജിമാർക്കിടയിലെ അഴിമതിയെക്കുറിച്ച് ഫ്രണ്ട് ലൈൻ ലേഖകനായ വി. വെങ്കടേശൻ മുൻ ഇന്ത്യൻ ചീഫ് ജസ്റ്റീസായ ജ: ജെ.എസ്. വർമ്മയോട് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ജഡ്ജിമാരുടെ നിയമനത്തിന്നായി ഒരു നാഷണൽ ജുഡീഷ്യൽ കമ്മീഷനെ നിയോഗിക്കുന്നതിനെപ്പറ്റിയുള്ള ചോദ്യത്തിന്ന് ജ: വർമ്മ നൽകിയ മറുപടിയാണ് താഴെ ചേർക്കുന്നത്:

ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള സംവിധാനം ഏതായാലും ശരി, ആ സംവിധാനത്തെ കൈകാര്യം ചെയ്യുന്നവരുടെ സത്യസന്ധതയാണ് പ്രധാനം. സത്യസന്ധരായവർക്കും തെറ്റുപറ്റിയെന്നു വരും. എന്നാൽ, തെറ്റാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഒരാൾ തെറ്റു ചെയ്യുമ്പോൾ, അത് ആ സംവിധാനത്തെയാകെ ദുർബ്ബലമാക്കുന്നു. അതിനാൽ, കാര്യങ്ങൾ സുതാര്യമായി നടത്തണമെന്നാണ് ഞാൻ പറയുക. ഒരാളെ ജഡ്ജിയായി നിയമിച്ചതിന്നു ശേഷം ആ നിയമന പ്രക്രിയ നടത്തിയതെന്തുകൊണ്ട് എന്ന വിവരങ്ങൾ പരസ്യപ്പെടുത്തണം. ആ നിയമനത്തിന്നു മുമ്പു നടന്ന എഴുത്തുകുത്തുകളെല്ലാം പ്രസിദ്ധീകരിക്കണം. അതിലൊരു തെറ്റും ഞാൻ കാണുന്നില്ല. ജഡ്ജിമാരടങ്ങിയ ഒരു സംഘം എന്തുകൊണ്ട് ഒരാളെ നിയമിക്കണമെന്ന് വാശിപിടിച്ചു ➡

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-10-2008

വെന്ന് ജനങ്ങൾ അറിയുകതന്നെ വേണം. ഞാൻ ചീഫ് ജസ്റ്റീസായിരുന്ന കാലത്ത് ചിലരുടെ പേരുകൾ തിരസ്കരിക്കുകയുണ്ടായി. ഞാൻ റിട്ടയർ ചെയ്ത ശേഷം നിലവിൽ വന്ന പുതിയ സംഘം അവരുടെ പേർതന്നെ നിർദ്ദേശിക്കുകയും ചെയ്തു. എന്റെ നേതൃത്വത്തിലുണ്ടായിരുന്ന സംഘത്തിന്റെ തീരുമാനം ഒരു പക്ഷെ തെറ്റായിരുന്നുവെന്നു വരാം. എന്നാൽ എന്താണതെന്ന് ജനങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

ജഡ്ജിമാരുടെ നിയമനത്തിൽ ഗവർമ്മേണ്ടിനല്ല ജഡ്ജിമാരുടെ സംഘത്തിനാണ് അധികാരമെന്ന 1993ലെ വിധിയിൽ ഒരപാകതയുമില്ല. 1993ന്നു മുമ്പും ജഡ്ജിമാരുടെ നിയമന കാര്യത്തെപ്പറ്റി സീനിയർ ജഡ്ജിമാർ തമ്മിൽ കൂടിയാലോചന നടത്താറുണ്ടായിരുന്നു. അതിനാൽ 1993ലെ വിധിയിൽ ഒരപാകതയുമില്ല; ആ വിധി നടപ്പാക്കുന്നതിലാണ് അപാകത സംഭവിക്കുന്നത്.

ജഡ്ജിമാരുടെ നിയമനകാര്യത്തിൽ എക്സിക്യൂട്ടീവിനോ ജൂഡീഷ്യറിക്കോ വീറ്റോ അധികാരം ഉണ്ടാകരുത്; ഇരുകൂട്ടർക്കും പങ്കാളിത്തമുണ്ടാകണമെന്നാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. ഞാൻ ചീഫ് ജസ്റ്റീസായിരുന്ന കാലത്ത് സുപ്രീംകോടതിയിലേക്ക് നടന്ന ഓരോ നിയമനവും ഫാലി എസ്. നരിമാൻ, ശാന്തിഭൂഷൺ തുടങ്ങിയ സീനിയർ അഭിഭാഷകരുമായി കൂടിയാലോചിച്ചേ നടത്താറുള്ളൂ. സമുന്നതരായ അഞ്ചോ ആറോ അഭിഭാഷകർക്കു പുറമെ ഇടനിലക്കാരായ ചിരലോടും അഭിപ്രായം ചോദിക്കാറുണ്ട്. സുപ്രീം കോടതിയിൽ മാത്രമല്ല ഹൈക്കോടതികളിലെ നിയമനങ്ങൾക്കും ഇത്തരം കൂടിയാലോചനകൾ പതിവുണ്ട്. വെറും കൂടിയാലോചനയല്ല, കൂടിയാലോചനകളുടെ വിവരങ്ങളെല്ലാം രേഖപ്പെടുത്തി വയ്ക്കാറുമുണ്ട്. ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് ഞാൻ നടത്തിയ എഴുത്തുകുത്തുകൾ പ്രസ്ദ്ധീകരിച്ചാൽ എന്താകുമായിരുന്നു. നിയമനം നടത്തിക്കഴിഞ്ഞ ശേഷം അതു സംബന്ധിച്ച എഴുത്തുകുത്തുകൾ പ്രസിദ്ധീകരിച്ചാൽ എന്താണൊരപകടം? എന്തിനതൊക്കെ രഹസ്യമാക്കി വയ്ക്കണം? ജഡ്ജിമാരെ നിയമിക്കുന്നതിന്ന് നല്ല കാരണമുണ്ടായിരുന്നുവെങ്കിൽ, അവരെക്കുറിച്ച് ഇന്നും നിലനിൽക്കുന്ന ശങ്കകൾ ഉണ്ടാകുമായിരുന്നില്ല. നേരെമറിച്ച്, അവരെ നിയമിക്കുന്നത് നന്നല്ലെന്ന് ന്യായമായും പറയാൻ കഴിയുമായിരുന്നുവെങ്കിൽ, അവരുടെ നിയമനത്തിന്ന് ഉത്തരവാദികൾ ആരെല്ലാമായിരുന്നുവെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്യുമായിരുന്നു.

ഒന്നിലേറെ ജഡ്ജിമാരുടെ കാര്യത്തിൽ, സീനിയർ ജഡ്ജിമാരെക്കൊണ്ട് ഞാൻ അന്വേഷണം നടത്തിക്കുകയുണ്ടായി. അവർക്കെതിരായ ആരോപണങ്ങൾ ശരിയാണെന്ന് ജഡ്ജിമാർ റിപ്പോർട്ട് ചെയ്തു. ഞാൻ ആ വിവരങ്ങളെല്ലാം പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തു. ഒരു ജഡ്ജിക്കെതിരായ ആരോപണം ശരിയാണെന്നു കണ്ടാലും ഒരാൾക്ക് ഇത്രയേ ചെയ്യാനാവൂ. അതല്ലെങ്കിൽ പിന്നെ ഇംപീച്ച് നടപടിയെടുക്കണം. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.